# കർമ്മല കുസുമം.

പുസ്തകം ൨൩) ജൂലായ്. (ലക്കം ൭


# കർമ്മലനാഥാ കീർത്തനം

(വിദ്വാൻ സി. എം. സെബാസ്റ്റ്യൻ അതിരമ്പുഴ.)

ഹിന്ദുസ്ഥാൻതോടി. ഏകതാളം.

മറക്കയേമനം തളരരുതേ! or. പാപിടയ നീ പാർക്ക പുന്നമട്ട്.)

പല്ലവി.

കർമ്മലകുസുമമെ! തായെ! പാഹി! പാഹി!

ചരണങ്ങൾ.

1. പാരംപരിമളമി–പ്പാരിനണച്ചിടുന്ന
പാരിജാതസൂനമാം മേരി! മേരി! മേരി! (കർമ്മലകുസുമമെ)
2. ജ്ഞാനമധുതൂകിയെൻ മാനസം കുളിർപ്പിക്കും
വാനലോകസൂനമെ! സ്തോത്രം. സ്തോത്രം. സ്തോത്രം. (കർമ്മലകുസുമമെ
3. ധ്യാനവിഷയമാം നിൻ–സൂനുവിൻ ചരിതത്തെ
മാനുഷർക്കു ജപമാലയായ് നൽകിയാ നായികേ! (കർമ്മലകുസുമമെ)
4. താവകജീവിതത്തിൻ–പാവനമുദ്രനിൻെറ
സേവകർക്കേകിടും–ജനനീ! ജനനീ! ജനനീ! (കർമ്മലകുസുമമെ)
5. ഘോരപിശാചിനുടെ–ക്രൂരതന്ത്രങ്ങളെല്ലാം
ദൂരെനീക്കീടുന്ന മന്ത്രമേ! മേരീ! സ്തോത്രം. (കർമ്മലകുസുമമെ)
6. സന്താപത്തീക്കനലിൽ–വെന്തീടും പാവങ്ങൾക്കു
സന്തോഷനീരദമാം–മാതേ! സ്തുതി. സ്തുതി. (കർമ്മലകുസുമമെ)
7. ലോകമായാവലയിൽ–ദേഹിതളർന്നീടായ്വാൻ
ഏകണമെനിക്കു നീ ബലം തായെ! തായെ! (കർമ്മലകുസുമമെ)

# പ്രസാധകക്കുറിപ്പുകൾ.

## ദുക്റാനാ തിരുനാൾ.

മാർ തോമ്മാശ്ലീഹാ മലങ്കരെവന്നു സത്യവേദം പ്രസംഗിച്ചുപോയിട്ടു പത്തൊമ്പതു ശതാബ്ദം കഴിഞ്ഞിരിക്കുന്നു. പുരാതനമായ ഈ അപ്പസ്തോലികസഭ പാശ്ചാത്യപണ്ഡിതന്മാരുടെ അത്ഭുതത്തിനും അസൂയക്കും വിഷയമായിട്ടുള്ളതാണ്. പാട്ടണ്ടെങ്കിൽ അതിൻെറ അപ്പസ്തോലികോത്ഭവത്തെ ദുർബ്ബലപ്പെടുത്തുന്നതിനുപോലും അവർ ശ്രമിച്ചിട്ടുണ്ടെന്നോർക്കുമ്പോൾ ഈ സഭയുടെ അസൂയാർഹമായ മാഹാത്മ്യത്തെപ്പററി നമുക്കു കൂടുതൽ അഭിമാന

വും കാര്യബോധവും ഉണ്ടാകേണ്ടിയിരിക്കുന്നു. എന്നാൽ മാർ തോമ്മാശ്ലീഹാ കേരളത്തിൽ വന്നിട്ടുണ്ടോ എന്നും, മൈലാപ്പൂരിലാണോ മരിച്ചിട്ടുള്ളതെന്നും, ദുക്റാനാത്തിരുനാൾ ഏതാണെന്നും മററും പാശ്ചാത്യരോടൊന്നിച്ചു ഇനിയും നാം സംശയത്തിൽ തന്നെ കഴിച്ചുകൂട്ടുകയാണെങ്കിൽ അതു വലിയ ഒരു കൃതഘ്നതയായിരിക്കും. ആകയാൽ സംശയിക്കുന്നവർ സംശയിച്ചുകൊള്ളട്ടെ. നമുക്കു നിസ്സംശയമായിത്തന്നെ നമ്മുടെ പിതാവിന്റെ സ്മരണയേയും ജാതീയദിനത്തേയും കൊണ്ടാടി അവിടത്തേക്കുള്ള കൃതജ്ഞതയെ പ്രദർശിപ്പിക്കാം. നമുക്കു ലഭിച്ചിരിക്കുന്ന അനന്യസാധാരണമായ ഭാഗ്യത്തെക്കുറിച്ചു ആഹ്ളാദിക്കാം. മാർ തോമ്മായുടെ രക്തത്തിൽ മുളച്ച സത്യസഭാവല്ലി, നമ്മുടെ വിയർപ്പാലും, വേണ്ടിവന്നാൽ രക്തത്താലും നനച്ചുവളർത്തി പരിപോഷിപ്പിച്ചുകൊണ്ടുപോകുന്നതിന്നു സർവ്വാത്മനാ ശ്രമിക്കാം. വിഭിന്ന ക്രിസ്തീയ സഹോദരങ്ങളെല്ലാം ഏകയോഗമായിത്തീരുന്നതിന്നും, ക്രിസ്ത്വേതരന്മാർ മാനസ്സാന്തരപ്പെടുന്നതിനും ഈ ദുക്റാനത്തിരുനാളവസരത്തിൽ നമ്മുടെ പിതാവിനോടു സവ്യഥം നമുക്കു അപേക്ഷിക്കാം.

കർമ്മലനാഥ.

'കുസുമ'വായനക്കാർക്കെല്ലാവർക്കും കർമ്മലനാഥയുടെ തിരുനാൾ മംഗളം ആശംസിച്ചുകൊള്ളട്ടെ! ദൈവജനനിക്കു മനുഷ്യരക്ഷയിലുള്ള ആകാംക്ഷ എത്ര വലുതാണെന്നു നമ്മെ അനുസ്മരിപ്പിക്കുന്ന ഒരു സ്വർഗ്ഗീയചിഹ്നമാണ് തിരുവുത്തരീയം. "ഈ ഉത്തരീയത്തെ ധരിച്ചുകൊണ്ടു മരിക്കുന്നവരാരും നിത്യാഗ്നിയിൽ വീഴുകയില്ല. ഇതു രക്ഷയുടെ ചിഹ്നവും, ആപത്തുകളിൽ സങ്കേതവും, പ്രത്യേകസമാധാനോദരവുകളുടെ ആധാരവുമാകുന്നു" എന്നത്രെ പരിശുദ്ധനാഥ കർമ്മലവി. ശെമോൻ സ്റ്റോക്കുപുണ്യവാനോടു അരുളിച്ചെയ്തതു്. അതുകൊണ്ടും മതിയായില്ല. "കർമ്മലസഭയുടെയോ ഉത്തരീയസഖ്യത്തിന്റെയോ അംഗമായ ഒരാൾ മരിച്ചു ശുദ്ധീകരണസ്ഥലത്തിലേക്കു അയക്കപ്പെടുന്നതായാൽ, നിർയ്യാണാനന്തരം പാടുപോലെ വേഗത്തിൽ, പ്രത്യേകം അടുത്ത ശനിയാഴ്ചദിവസം, അയാളുടെ ആത്മാവു കർമ്മലനാഥയായ തന്റെ പ്രത്യേക മാദ്ധ്യസ്ഥം മൂലം അവിടെനിന്നും വിമോചിക്കപ്പെട്ടു് സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിന്നിടവരും" എന്നു 22-ാമത്തെ യോഹന്നാൻ മാർപ്പാപ്പാക്കു പ്രത്യക്ഷയായി ഈ പരിശുദ്ധ അമ്മ അരുളിച്ചെയ്തു. നിത്യരക്ഷയ്ക്കു പര്യാപ്തമായ ഇത്രവലിയ ദാനങ്ങൾ പറഞ്ഞൊത്തിരിക്കുന്ന ഈ മാതാവിന്റെ നേർക്കു നാം അത്യന്തം കൃതജ്ഞതയുള്ളവരായിരിക്കയും, തക്ക യോഗ്യതയോടുകൂടെ അവിടത്തെ തിരുവുത്തരീയം മുറപ്രകാരം ഏററവും ഭക്തിയോടുകൂടെ ധരിച്ചുകൊണ്ടു നടക്കുകയും ചെയ്യേണ്ടതല്ലയോ? കർമ്മലനാഥയുടെ തിരുനാളിന്റെ തലേനാൾ മദ്ധ്യാഹ്നംമുതൽ തിരുനാൾദിവസം അർദ്ധരാത്രിവരെ, കർമ്മലസഭക്കാരുടെ ഒരു ദേവാലയമോ, പ്രസ്തുതദേവാലയമില്ലാത്തപക്ഷം സ്വന്ത ഇടവകപ്പള്ളിയോ, കുമ്പസാരിച്ചു കുർബാന കൈക്കൊണ്ടശേഷം എത്രപ്രാവശ്യം സന്ദർശിച്ചു മാർപ്പാപ്പായുടെ നിയോഗാനുസരണം പ്രാർത്ഥിക്കുമൊ അത്രയും പ്രാവശ്യം പ്രാപിപ്പാൻ പാടുള്ള പൂർണ്ണദണ്ഡവിമോചനങ്ങളും യഥാശക്തി പ്രാപിപ്പാൻ ശ്രമിക്കുന്നതിന്നു ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

തിരുനാൾമംഗളം.

ഈ മാസം 25 ാംനു- വി. യാക്കോബുശ്ലീഹായുടെ തിരുനാളാകുന്നു. ഇതുതന്നെയാകുന്നു നി. വ. ദിവ്യശ്രീ. കാളാച്ചേരിൽ മാർ ജെയിംസ് മെത്രാനച്ചൻ തിരുമനസ്സിലെ നാമകാരണന്റെ തിരുനാൾ. തിരുമനസ്സിലേ സ്ഥാനാരോഹണശേഷമുള്ള ഈ ഒന്നാമത്തെ തിരുനാളവസരത്തിൽ "കുസുമം" ഭക്തിബഹുമാനപുരസ്സരം തിരുമനസ്സിലേക്ക് മംഗളം ആശംസിക്കയും, അവിടത്തെ ഭരണം സർവ്വപ്രകാരേണയും ശുഭോദർക്കമായി ഭവിക്കുന്നതിനു ഈ സ്വർഗ്ഗീയ മദ്ധ്യസ്ഥനോടു ഹൃദയപൂർവ്വം പ്രാർത്ഥിക്കയും ചെയ്തുകൊള്ളുന്നു.

# ദൈവമാതാവും യാക്കോബായ വിശ്വാസവും.

III.

(റവ. ഫാദർ പ്ലാസിഡ് സി. ഡി.)



പരിശുദ്ധ കർമ്മലനാഥേ! കേരളത്തിലെ യാക്കോബായ സഹോദരങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ!

മിശിഹാ ക്ഷയശരീരനാണെന്നതിനെപ്പറ്റിയല്ല, യാക്കോബായക്കാരുടെ ഏകസ്വഭാവവിശ്വാസത്തെപ്പറ്റിയാണ് ഇവിടെ വാദം. ഏകസ്വഭാവം. ഏകസ്വഭാവം എന്നു ഘോഷിക്കുന്നതല്ലാതെ, ഏകസ്വഭാവം ഏതുതരത്തിലുള്ളതാണെന്ന് യാക്കോബായക്കാരിൽ ആരും ഖണ്ഡിതമായി പറയുന്നില്ല. ഈ കാരണത്താൽ ഏകസ്വഭാവത്തെ അതിന്റെ വിവിധരൂപത്തിൽ ദൈവമാതാവുമായി സംഘടിപ്പിക്കുവാനാണ് ഇനി ഉദ്ദേശിച്ചിരിക്കുന്നത്.

ക്കേർട്ടത്തിലും കൂറ് പ്പറ്റിയിട്ടുള്ള ഒന്നാണ് ഏകസ്വഭാവവിശ്വാസം. ഇപ്പ്രാവശ്യത്തെ ബാവാകക്ഷിയിൽ എല്ലാംകൊണ്ടും ഒരു നല്ല നില പ്രാപിച്ചിരിക്കുന്ന ഒരു മെത്രാച്ചനുമായി ഒന്നിലധികം പ്രാവശ്യം ദീർഘസംഭാഷണം ചെയ്യുവാൻ എനിക്കിടയായിട്ടുണ്ട്. "രണ്ടു സ്വഭാവവും കൂടി ഒന്നായി" എന്നാണ് മെത്രാച്ചൻ എന്നോടു പറഞ്ഞതു്. "ക്നൂമ്മേ" (ആൾ) എത്ര എന്നു ചോദിച്ചപ്പോൾ "ഒന്നു" എന്നുത്തരം പറഞ്ഞു. "ക്യോനോ" (സ്വ

ഭാവം) എത്രയുണ്ടെന്നു ചോദിച്ചപ്പോൾ "ഒരു പർസൂപ്പോ" എന്നായിരുന്നു ഉത്തരം. "പർസൂപ്പേ" ആളെന്നും സ്വഭാവമെന്നും അൎത്ഥമുള്ള ഗ്രീക്കിലെ "പ്രോസോപ്പോൻ" തന്നെയാകയാൽ സ്വഭാവമെന്നു മാത്രം അൎത്ഥമുള്ള "ക്യോനോ" എത്രയെന്നു ഞാൻ വീണ്ടുംചോദിച്ചപ്പോൾ വീണ്ടും "രണ്ടുംകൂടി ഒന്നായി" എന്ന ഉത്തരം ലഭിച്ചു. ഒന്നായ ആ സ്വഭാവം ഏതാണെന്നു ചോദിച്ചതിനു 'രണ്ടും കൂടി ഒന്നായി' എന്നു വീണ്ടും വീണ്ടും പറഞ്ഞതല്ലാതെ ശരിയായ സമാധാനം മെത്രാച്ചൻ എന്നോടു പറഞ്ഞില്ല. ഇപ്പോഴത്തെ മെത്രാൻ കക്ഷിയുടെ നായകനായ വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് മല്പാനായിരുന്ന കാലത്തു് അന്നത്തെ മലങ്കരയാക്കോബായ മെത്രാന്മാരുടെ അനുവാദത്തോടുകൂടി പ്രസിദ്ധംചെയ്ത "മതസംഗതികളി"ൽ യാതൊരു വിധത്തിലും തമ്മിൽ യോജിക്കുവാൻ പാടില്ലാത്ത രണ്ടു സ്വഭാവങ്ങൾ യോജിച്ച് ഒന്നായി എന്നു പ്രസ്താവിച്ചിട്ടുണ്ടു്. പൂൎവ്വാപരവിരുദ്ധമായ ഈ പ്രസ്താവനയിലും "രണ്ടും കൂടി ഒന്നായി" എന്നു കാണുന്നു. 1665-ൽ കേരളത്തിൽവന്നു മലങ്കര നസ്രാണികളിൽ ഒരു വിഭാഗത്തെ യാക്കോബായ മതം പഠിപ്പിച്ച ഓർശ്ലേം പാത്രിയക്കീസ് മാർ ഗ്രീഗോറിയോസിന്റെ "ഏകസ്വഭാവത്തെ"പ്പറ്റി പിന്നീടു പറഞ്ഞുകൊള്ളാം.

"രണ്ടു സ്വഭാവവും കൂടി ഒന്നായി," എന്നു് ഏക സ്വഭാവവാദികൾ എല്ലാവരും പറയുന്നുണ്ടു്. രണ്ടുംകൂടി ഒന്നായെങ്കിൽ ആ ഒരു സ്വഭാവം ഏതാണു്? ദൈവസ്വഭാവം മാത്രമാണെങ്കിൽ മനുഷ്യസ്വഭാവം എവിടെ? ഇല്ലാതായോ? ഇല്ലാതായെങ്കിൽ പീഡസഹിച്ചു മരിച്ച സ്വഭാവം ദൈവസ്വഭാവമായിരിക്കണം. അങ്ങിനെയെങ്കിൽ ദുഃഖവെള്ളി മുതൽ ഉയിൎപ്പു ഞായർ വരെ ദൈവമില്ലായിരുന്നു!! എത്രയും പരിശുദ്ധ ത്രീത്വത്തിലെ മൂന്നാളുകൾക്കും ഒരേ ഒരു ദൈവസ്വഭാവമാണുള്ളതെന്നും ഈ സന്ദൎഭത്തിൽ ഓൎക്കേണ്ടതാണു്. ഒന്നായ സ്വഭാവം ദൈവസ്വഭാവമാണെങ്കിൽ ആരംഭവും അവസാനവുമില്ലാത്ത ദൈവസ്വഭാവം സമയത്തിന്റെ പൂൎണ്ണതയിൽ മറിയത്തിൽനിന്നു എങ്ങനെ ജനിച്ചു? ദൈവസ്വഭാവത്തിൽ മിശിഹായെ പ്രസവിക്കുക അസ്സാദ്ധ്യമാകയാൽ, മറിയം എങ്ങിനെ ദൈവമാതാവായി? ജനിക്കുന്നവനും ജനകീജനകന്മാൎക്കും ഒരേ ഒരു സ്വഭാവം ഉണ്ടായിരിക്കയും ജനിക്കുന്നവൻ ജനനത്താൽ തന്നെ (Vi-originis) ആ സ്വഭാവം അവരിൽനിന്നു പ്രാപിച്ചിരിക്കയും ചെയ്യെങ്കിൽ മാത്രമെ മാതാപിതാക്കന്മാരും പുത്രനും ഉണ്ടാകുകയുള്ളൂ. ഈ കാരണത്താൽ തലയിൽ മുളക്കുന്ന മുടിയും വ്രണത്തിലുണ്ടാകുന്ന പുഴക്കളും മനുഷ്യസന്തതികളാകുന്നില്ല. ജനനത്തിനു ഒരേ ഒരു സ്വഭാവത്തിന്റെ (ഒരുതരത്തിലുള്ളതായാലും മതി) "കൊടുക്കൽവാങ്ങൽ" അവശ്യാവശ്യമാണെന്നുള്ളതു് തത്വശാസ്ത്രത്തിലെ ഒരു പ്രധാനതത്വമത്രെ. ആകയാൽ മറിയം ദൈവമാതാവാണെങ്കിൽ, ദൈവത്തിനു് അവൾ സ്വന്തസ്വഭാവം കൊടുത്തു് ആ സ്വഭാവത്തിൽ ദൈവത്തെ പ്രസവിച്ചിരിക്കണം. മറിയത്തിനു മനുഷ്യസ്വഭാവം മാത്രമെയുള്ളൂ. മിശിഹായിക്കു് ദൈവസ്വഭാവംമാത്രമെയുള്ളൂ എങ്കിൽ, (മറിയത്തിൽനിന്നു് അവിടുന്നു് പ്രാപിച്ച സ്വഭാവം ഇല്ലാതായിപോയെങ്കിലും ഇതു തന്നെ പറയാം) മറിയത്തിൽനിന്നുള്ള അവിടുത്തെ ജനനം മറിയത്തിന്റെ സ്വഭാവത്തിൽ അഥവാ മനുഷ്യസ്വഭാവത്തിൽ ആകുവാൻ തരമില്ലല്ലൊ. മറിയത്തിന്റെ സ്വഭാവത്തിൽ അവളിൽനിന്നല്ലാത്ത ഒരാൾ അവളുടെ പുത്രനും അവൾ ആ ആളിന്റെ മാതാവും അല്ല, "ദൈവസ്വഭാവം മാത്രമുള്ള" ദൈവ ആളിനെ മനുഷ്യസ്വഭാവം മാത്രമുള്ള മറിയം പ്രസവിച്ചതെങ്ങിനെയാണെന്നു മനസ്സിലാക്കിത്തരേണ്ടഭാരം ഏകസ്വഭാവവാദികളിൽസ്ഥിതിചെയ്യുന്നു. മിശിഹാ ദൈവആളാണെന്നും അവിടുത്തേക്കു് ദൈവസ്വഭാവം മാത്രമെയുള്ളൂ എന്നും പറഞ്ഞശേഷം അവിടുന്നു് മനുഷ്യവൎഗ്ഗത്തിൽ

പെട്ട മറിയത്തിൽനിന്നു ജനിച്ചു എന്നു പറയുക പൂൎവ്വാപരവിരുദ്ധമായ ഒരു പ്രസ്താവനയാണ്. എന്തുകൊണ്ടെന്നാൽ മനുഷ്യവൎഗ്ഗത്തിൽപെട്ട മറിയത്തിൽനിന്നു ജനനം സംഭവിച്ചിട്ടുണ്ടെങ്കിൽ ജനിച്ചയാൾ മനുഷ്യസ്വഭാവത്തിലായിരിക്കണം ജനിച്ചത്. മനുഷ്യസ്വഭാവത്തിൽ ജനിച്ച ആളിന് മനുഷ്യസ്വഭാവം അവശ്യം ഉണ്ടായിരിക്കണം എന്ന കാരണത്താൽ ആ ആളിനു ദൈവസ്വഭാവം മാത്രമെയുള്ളു എന്നു പറയുക പൂൎവ്വാപരവിരുദ്ധമായിരിക്കും. പൂൎവ്വാപരവിരുദ്ധങ്ങളായ പ്രസ്താവനകൾ ബുദ്ധിക്കു വിരുദ്ധങ്ങളാണല്ലൊ. മനുഷ്യാവതാര രഹസ്യം ബുദ്ധിക്കുമേലാണെങ്കിലും ബുദ്ധിക്കു വിരുദ്ധമാകുവാൻ പാടില്ല. ബുദ്ധിക്കു വിരുദ്ധങ്ങളായ പ്രസ്താവനകളും പ്രവൃത്തികളും ബുദ്ധിമാനായ ദൈവത്തിൽനിന്ന് ഒരിക്കലും ഉണ്ടാകുകയില്ല നിശ്ചയം. 1665 ൽ മലങ്കരെവന്ന മാർ ഗ്രീഗോറിയോസിന്റെ പഠനം മിശിഹായിൽ ദൈവസ്വഭാവം മാത്രമെയുള്ളു എന്നായിരുന്നു!

"മറിയത്തിൽനിന്നു മിശിഹാ മനുഷ്യസ്വഭാവം സ്വീകരിച്ചു. പക്ഷെ അത് ദൈവസ്വഭാവത്തിൽ ലയിച്ചുപോയി." എന്ന് ഏകസ്വഭാവവാദികളായ യാക്കോബായക്കാർ പറഞ്ഞേക്കാം. എന്നാൽ മനുഷ്യസ്വഭാവം ദൈവസ്വഭാവത്തിൽ ലയിച്ചത് എപ്പോഴാണ്? മിശിഹായുടെ ജനനത്തിനുമുമ്പോ, അതു കഴിഞ്ഞിട്ടോ? മുമ്പാണെങ്കിൽ മറിയത്തിൽനിന്നു ജനനം നടന്നിട്ടില്ല. എന്തുകൊണ്ടെന്നാൽ മറിയത്തിൽനിന്നുള്ള ജനനം മറിയത്തിനുള്ള സ്വഭാവത്തിലാകുവാനെ പാടുള്ളു. ഈ കാരണത്താൽ മറിയം ദൈവമാതാവല്ലെന്നാണ് വരുന്നത്. മിശിഹായുടെ ജനനത്തിനുശേഷം മനുഷ്യസ്വഭാവം ഇല്ലാതായെങ്കിൽ, അവിടുത്തെ ഇഹലോകജീവിതത്തിന്റെ അവസാനഘട്ടമായ മരണം ഏതുസ്വഭാവത്തിലായിരുന്നു? ദൈവസ്വഭാവത്തിലായിരുന്നെന്നു പറയുക പരമാബദ്ധമാണ്. മനുഷ്യസ്വഭാവം ദൈവസ്വഭാവത്തിൽ ലയിച്ചതു മറിയത്തിൽനിന്നുള്ള ജനനസമയത്താണെങ്കിൽ ആ ജനനം മനുഷ്യസ്വഭാവത്തിന്റെ അഭാവമായിരുന്നു. എന്നാൽ ജനനത്തിൽ സ്വഭാവം ഉണ്ടാകുകയല്ലാതെ ഇല്ലാതാകുകയല്ലല്ലൊ ചെയ്യുന്നത്.

"രണ്ടുംകൂടി ഒന്നായി" എന്നു പറയുന്ന ആ സ്വഭാവം മനുഷ്യസ്വഭാവം (മാത്ര)മാണെങ്കിൽ, മിശിഹായിക്ക് ദൈവസ്വഭാവമില്ലെന്നു സിദ്ധിക്കുന്നു. ദൈവസ്വഭാവമില്ലാത്ത ഒരാൾ ദൈവമല്ല. മനുഷ്യാവതാരത്താൽ ദൈവം ഇല്ലെന്നായോ? ദൈവമല്ലാത്ത ഒരാളെ പ്രസവിച്ചതുകൊണ്ട് മറിയം എങ്ങിനെ ദൈവമാതാവാകും?

ഒന്നായെന്നു പറയുന്ന സ്വഭാവം ദൈവ മനുഷ്യസ്വഭാവങ്ങളുടെ യോജനത്തിൽനിന്നുത്ഭവിച്ച ഒരു നവീന സ്വഭാവമാണെങ്കിൽ മിശിഹാ ദൈവമൊ മനുഷ്യനൊ അല്ല. ഇവിടെയും അവതാരത്താൽ ദൈവമില്ലെന്നാകുന്നു. കഷ്ടം! ഇപ്രകാരമുള്ള ഒരാളെ പ്രസവിച്ചു എന്ന ന്യായം മറിയത്തെ ദൈവമാതാവാക്കുകയില്ല തന്നെ.

രണ്ടു സ്വഭാവവും കൂടിച്ചേൎന്നു ഒന്നായെങ്കിൽ അതു് മുകളിൽ പറഞ്ഞ ഏതെങ്കിലും ഒരുവിധത്തിലായിരിക്കണം. ഏതു വിധത്തിലായാലും, മറിയം ദൈവമാതാവല്ലെന്നായിരിക്കും അനുമാനം!

(തുടരും)

# നേരം പാഴാക്കിയില്ല.

(റവ. സക്കറിയാസ് പൂവത്തുങ്കൽ.)

വാഴ്ത്തപ്പെട്ട പീറ്റർ ഫെയിബർ ഒരിക്കൽ ഒരാശ്രമത്തിൻെറ പടിക്കൽ ചെന്നു് ആരെയോ കാണുന്നതിനു മണികൊട്ടി. സന്ന്യാസികൾ സ്ഥലത്തില്ലായ്കയാലൊ മറ്റേതോ കാരണവശാലൊ ആരും വന്നു വാതൽ തുറന്നില്ല. അപ്പോൾ ക്ഷമാപൂർവ്വം അദ്ദേഹം ആ വാതുക്കൽകാത്തുനിന്നു ഉചിതമായ ഒരു സൽകൃത്യം ചെയ്യുന്നതിന് സമയം വിനിയോഗിച്ചു. സ്വർഗ്ഗരാജ്യപ്രവേശനത്തിനു അക്ഷമരായി ശുദ്ധീകരണസ്ഥലത്തിൽ വസിക്കുന്ന ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കയത്രെ അദ്ദേഹം ചെയ്തതു്. കുറെകഴിഞ്ഞു് ഫെയിബർ പിന്നെയും മണിയടിച്ചു. എന്നിട്ടും ആരും വന്നുകണ്ടില്ല. അദ്ദേഹത്തിനു് ഒട്ടും മുഷിച്ചിൽ തോന്നിയില്ല. അപ്പോളദ്ദേഹം ധനവാന്മാരുടെ പടിക്കൽ ഭിക്ഷയാചിച്ചു് കാത്തുനില്ക്കുന്ന സാധുക്കളെപ്പററി ഓർത്തു. അവരുടെ കഷ്ടതകളെ നന്മനസ്സോടെ സഹിക്കുന്നതിന് തക്ക ഉൾക്കരുത്ത് അവർക്കു കൊടുക്കുന്നതിന് അദ്ദേഹം ദൈവത്തോടു പിന്നെയും പ്രാർത്ഥിച്ചുതുടങ്ങി. ഇങ്ങനെ കുറേനേരം കഴിഞ്ഞിട്ടും പടി തുറക്കാൻ ഭാവമില്ല. ഒരിക്കൽകൂടി മണിയടിച്ചു. ഇത്തവണയും ആരും വരികയോ വാതിൽ തുറക്കയോ ചെയ്തില്ല. ഇത്രയുമായിട്ടും പുണ്യവാൻ പിറുപിറുക്കയോ പൊസ്സൂളകുകയോ ചെയ്തില്ല. അവസരോചിതമായ വേറൊരു ഭക്തികൃത്യം വീണ്ടും അദ്ദേഹത്തിനുതോന്നി. കാരാഗൃഹങ്ങളിൽനിന്നും പുറത്തിറങ്ങുന്നതിന്, അത്യാശയോടെ കാത്തുനിൽക്കുന്ന കുററക്കാരാണ് ഇത്തവണ അദ്ദേഹത്തിൻെറ ഉപവിയ്ക്കു ലക്ഷ്യമായതു്. ഇക്കൂട്ടർ തങ്ങളുടെ പാപങ്ങളെപ്പററി അനുതപിക്കുന്നതിനും തങ്ങളുടെ ശിക്ഷകളെ ക്ഷമയോടെ സഹിക്കുന്നതിനും ഇങ്ങനെ നിത്യവിധികർത്താവിൻെറ മുമ്പാകെ കാഴില്ലാത്തവരായി കാണപ്പെടുന്നതിനും ഇടയാകണമെ എന്നു് ആ വിശുദ്ധൻ മുട്ടിപ്പായി ദൈവത്തോടു യാചിച്ചു.

ഇത്രനേരമായിട്ടും വാതിൽ തുറക്കുന്നില്ല. നാലാം പ്രാവശ്യവും അദ്ദേഹം മണിയടിച്ചു. ഇത്തവണയും അനുഭവം മുമ്പത്തേതു തന്നെ. എന്നാൽ ശാന്തതയല്ലാതെ വേറൊരു ഭാവവും അദ്ദേഹത്തിൻെറമുഖത്തു സ്ഫുരിച്ചില്ല. വഴിതെററിപ്പോയ ആട്ടുകളെ അരുമയോടെ തൻെറ പക്കലേക്കു ക്ഷണിക്കുന്ന കരുണാനിധിയായ ആ നല്ലയിടയൻെറ സ്മരണയാണ് ഇത്തവണ ആ ഭക്തൻെറ ഹൃദയത്തിൽ ഉദിച്ചതു്. സകല പാപികളുടെയും മനസ്സുതിരിവിനായി അദ്ദേഹം ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചു. ഈ അപേക്ഷ കഴിഞ്ഞയുടൻ ആ ആശ്രമത്തിലെ ഒരു സന്ന്യാസി വന്നു് വാതിൽ തുറന്നു. ആശ്രമവാതുക്കൽ കാത്തുനിന്ന സമയം പാഴാക്കിയില്ല എന്നുള്ള കൃതാർത്ഥതയോടെ ഫെയിബർ അകത്തു പ്രവേശിച്ചു. യോഗ്യതയോടെ സഹിക്കുന്നതിനും ക്ഷമിക്കുന്നതിനും, പ്രതീക്ഷിക്കുന്നതിനുമുള്ള എത്രയോ അമൂല്യസന്ദർഭങ്ങളാണ് അക്ഷമരായി നാം പാഴാക്കിയിട്ടുള്ളതു്. വാഴ്ത്തപ്പെട്ട പീറ്റർ ഫെയിബറിനെപ്പോലെ അവസരോചിതമായ സൽകൃത്യങ്ങൾ ചെയ്യുന്നതിനഭ്യസിച്ചാൽ സമയം, വൃഥാ കളഞ്ഞു എന്നോർത്ത് ദുഃഖിക്കുന്നതിന് ഒരിക്കലും നമുക്കിടവരികയില്ല.

# മേരീവിലാപശതകം

(തുടർച്ച)

(ശ്രീമാൻ പ്രവിത്താനം പി. എം. ദേവസ്യാ)

ക്രൂരം കോപമിയന്നു, "മുൾമുടയിവ
ന്നിന്നാൽ ശിരോഭൂഷയാ-
യിട്ടും, ഹന്ത! തറയ്ക്കുവിൻ ക്ഷണ,മിവൻ
രാജത്വമാശിച്ചവൻ,
ചൂട്ടുംതൂപ്പിയെ"ടെന്നു ചൊന്നരികളി
നിന്നുത്തമാംഗത്തിൽ നി-
ന്നീടും മുൾമുടി ഹാ! തറച്ച കറ ന
ക്കയ്യിന്നു വയ്യോർക്കുവാൻ. 26

പാപലേശമെഴാത്ത നിന്നിലവര
ന്നോരോതരം കുററമാ- (ഴ്
രോപംചെയ്തു മുഖാംബുജത്തിലതിയാ
ത്തുപ്പുന്ന നേരത്തു നീ
ശാപം തജ്ജനതയ്ക്കണയ്ക്കുവതിനാ
യേതും നിനയ്ക്കാതെ ക-
ണ്ടാപന്മിത്ര! സഹിച്ചു; നിൻക്ഷമ, മദാ
ചേർത്തുള്ള ശത്രുക്കളിൽ. 27

സത്യാധിഷ്ഠിതതത്വസാരമഖിലം
നീ മേദുരം യൂദരാ-
ടത്യാനന്ദമിയന്നുമുന്നമരുൾ ചെ
യ്തീടുന്ന നേരത്തഹോ!
മർത്ത്യായാസമവർക്കു നിൻമൊഴിദൃഢം
ചേർത്തെന്നിരുന്നീടിലും
കൃത്യാകൃത്യവിവേചനാപരിധിവി
ട്ടീ മട്ടുചെയ്തീടുമോ? 28

നിത്യം മുത്തൊടു ചെന്നു, ചത്വരമൃഗ
ത്തെ സാരമേയങ്ങള-
ങ്ങത്യന്തം പിശിതാശവൃന്ദരുജവാൽ
കീറിപ്പറിക്കുന്നപോൽ, (വിൽ
വ്യത്യസ്തസ്ഥിത ചേർത്ത നിൻെറ തനു
പ്പേർത്തും വ്രണം ചേർത്തിടാൻ
പ്രത്യർത്ഥിപ്രകരം തുടർന്നൊരു കടും
കയ്യിന്നു ചെയ്യുന്നതോ!! 29

ഇന്നീമട്ടുരു പാതകം ബത! യഹൂ
ദർക്കെന്തു ചെയ്യാൻ പരം
തോന്നീടാൻ ദിവനാഥ! നിന്നിലണുവും
തെററില്ല, തെററില്ലിതിൽ;
ചെന്നീട്ടുററ ഗുണത്തെ മാത്രമിഹ നീ
ചെയ്തുജ്ജനത്തിന്നു, ഞാ- (ൽ
നെന്നീ നിൻമരണാഗ്രദാവശിഖിയാ
വേവാതെ മേവുന്നുമേൽ? 30

ദുഷ്ടന്മാരതി നിഷ്ഠുരത്വമൊടു ചെ
യ്തുള്ളോരു കൃച്ഛ്രങ്ങളേ
സ്പഷ്ടം ശാന്തിയൊടേ സഹിച്ച ജനകാ
നുജ്ഞയ്ക്കു കീഴ്പ്പെട്ടിടം
കഷ്ടപ്പാടുകളേററു മാനവനിര
യ്ക്കുന്നാളുമാളുന്നതാം-
ദിഷ്ടക്കേടുകൾ തീർത്തു; നിൻവരവിതി
ന്നത്രേ നടന്നത്രയും 31

കുന്നിക്കും കൃപമാനസത്തിലിയലാ
തേററം കിളർന്നുള്ളൊരി-
ക്കുന്നിൽ ക്രൂരത്വമത്തിയുംപലവിധം
ദ്രോഹത്തെ ലോകാക്കിയും
കുന്നിക്കും ക്രുധപൂണ്ടു കണ്ണുതുപരം
ചേർത്താനയിച്ചിട്ടു, മാ-
കുന്നില്ലെന്നു നിനച്ചു യൂദരിതുപോൽ
ക്രൂശിച്ചതാശിച്ചതോ! 32

വന്ദിക്കുന്ന മഹത്വസാരനിധിയാം
നിൻമാരണം യാതൊരാ-
വന്ദിക്കും, തദ്വപസ്ഥിതർക്കുമതുപോ
ലന്യർക്കു മാത്മാർത്ഥമായ് (തം;
ക്രന്ദിക്കും സ്ഥിതിചേർത്തിടുന്നു നിയ
യൂദാവലിക്കോ ഭൃശം
നിന്ദിക്കും നിലയാണു നില്പതിനിയും
നിന്നോടിതെന്നോമലേ! 33

കാലേ ഘാതകർ തീർത്തുകൂർത്തുബലമേ
റും കാരിരുമ്പാണി മൂ
ന്നാലക്രൂശിലമർത്തി വച്ചു കഠിനം!
കൈകാൽ തറച്ചീടവേ
മാലേററം മകനേ! ഭവിച്ചതിഹ നീ
മുമ്പ വിചാരിച്ചതോ,
മേലേ മേലേ സഹിക്ക; ദർശനമിദം
സന്താപസന്ദായകം; 34

നീരന്ധ്രോദ്ധ്യുതദൗഷ്ട്യഭാവമതിന
ങ്ങേതും ശമം കണ്ടിടാ-
താരംഭിച്ച യഹൂദർ തൻ ക്രിയകളിൽ
കാളുന്ന ഹാലാഹലം (ൽ
പാരം കാളിമ നിൻ മനോജ്ഞതനുവി
ച്ചേർക്കുന്നിതോർക്കുന്നതാം-
ന്നേരം നിസ്തുലസാദഭാരമകമേ
ക്രൂടുന്നു വാടുന്നു ഞാൻ 35

സ്ഥയൽക്കാന്തി കലൎന്ന നിൻമുഖമതിൽ
പ്പാരം സ്ഫുരിക്കും ജിതാ—
ശ്രേയസ്സ്സമ്പാട്ടു കാണുമേതൊരുവനി
ന്നീദൃഷ്ടകൃത്യങ്ങളെ,
ന്യായം വിട്ടു നടത്തിടുന്നതിനഹോ
തോന്നുന്നു; തോന്നുന്നൊര
ന്യായം ചെയ്യുവതിനിന്നിയന്ന നിയമം
സ്വായത്തമോ ദുഷ്ടരിൽ!! 36

(തുടരും.)

# പ്രൊപ്പഗാന്തകോളജിന്റെ ശിലാസ്ഥാപനം.

(റവ. ഫാദർ സിറിയക്ക് കാപ്പിൽ പി. എച്ച്. ഡി.)

റോമ്മാനഗരത്തിന്റെ ഏകദേശം മദ്ധ്യത്തിൽ സ്ഥിതിചെയ്തിരുന്ന പ്രൊപ്പഗാന്ത കോളേജ് വത്തിക്കാനരമനയ്ക്കു സമീപമുള്ള ജാനിക്കുളം കുന്നിൽ ഒരു താല്ക്കാലിക കെട്ടിടത്തിലേക്കു മാററിയ വിവരം കേരളീയകത്തോലിക്കരും അറിഞ്ഞിട്ടുണ്ടായിരിക്കണം.

അധുനികപരിഷ്ക്കാരത്തിനു യോജിച്ച സകലവിധ സാധനസാമഗ്രികളോടുകൂടി 200-ൽ പരം വൈദികവിദ്യാർത്ഥികൾക്കു താമസിക്കത്തക്കവണ്ണം ഒരു കെട്ടിടം പണിയിക്കണമെന്നു അധികാരികൾ തീർച്ചപ്പെടുത്തുകയും അതിനുള്ള പ്ലാൻ തയ്യാർ ചെയ്തു് പരിശുദ്ധ പിതാവു് തിരുമനസ്സുകൊണ്ടു് അംഗീകരിക്കുകയും ചെയ്തിട്ടു അധികദിവസങ്ങളായിട്ടില്ല. ഇതിനിടയിൽ പ്രൊപ്പഗാന്ത കോളേജിലെ ഒരു പൂർവ്വവിദ്യാർത്ഥിയായ കർദ്ദിനാൾ മുണ്ടലെയിൻ തിരുമനസ്സുകൊണ്ടു കോളേജിനും യൂനിവേഴ്സിററിക്കും ചിലവാകുന്നതിനുദ്ദേശിച്ച 28 കോടി ലീര (6½ കോടിരൂപാ) ചിക്കാഗോ അതിരൂപതയിലെ പട്ടക്കാരുടെ വകയായിട്ടു പ. പിതാവിനു കാഴ്ചവച്ചുകഴിഞ്ഞിരിക്കുന്നു. യൂനിവേഴ്സിററി കെട്ടിടത്തിന്റെ പണി മിക്കവാറും തീർന്നിരിക്കുകയാണു്.

കോളേജ്കെട്ടിടത്തിനുള്ള ശിലാസ്ഥാപനകർമ്മം മാർപ്പാപ്പാതിരുമനസ്സിലെ നാമഹേതുകനായ വി. അക്കീലിസ്സിന്റെ തിരുനാൾദിനമായ മേമാസം 12-ാംനു- ശനിയാഴ്ച സാഘോഷം നടത്തപ്പെട്ടിരിക്കുന്നു. പ. പിതാവുതന്നെ അടിസ്ഥാനക്കല്ലു ആശീർവ്വദിക്കാമെന്നു ഏററിരുന്നതനുസരിച്ചു അന്നേദിവസം മൂന്നരമണിയായപ്പോഴേക്കും കർമ്മത്തിനു നിശ്ചയിക്കപ്പെട്ടിരുന്ന വത്തിക്കാൻതോട്ടത്തിലുള്ള ലൂർദ്ദ് ഗുഹ (Grotto) യിൽ പ്രൊപ്പഗാന്താധിപന്മാരും വിദ്യാർത്ഥികളും എത്തിക്കഴിഞ്ഞു. വത്തിക്കാനുദ്യാനത്തിന്റെ ഏകദേശം നടുവിലായി സ്ഥിതിചെയ്യുന്ന ലൂർദ്ദുകപ്പേളയിലേക്കു പോകുന്ന വഴിയിൽ മാർപ്പാപ്പായുടെ പട്ടാളക്കാർ അവിടവിടെയായി കാവൽ നിന്നിരുന്നു ഞങ്ങൾ പ്രസ്തുത ഗുഹയിൽ എത്തി ഏറെ താമസിയാതെ തന്നെ മാർപ്പാപ്പായുടെ സ്വിസ് പട്ടാളത്തിലെ കുറെ ഉദ്യോഗസ്ഥന്മാർ അവിടെ വന്നു അണിനിരന്നു കഴിഞ്ഞു. അല്പംകഴിഞ്ഞു പ്രൊപ്പഗാന്ത തിരുസംഘാധിപനായ കർദ്ദിനാൾ വാൻറോസ്സ തിരുമനസ്സുകൊണ്ടും മാർപ്പാപ്പായുടെ സ്റ്റേററു് സെക്രട്ടറിയും പുതിയ കോളേജു സ്ഥാപനത്തിൽ പ്രത്യേക സഹായം ചെയ്തിട്ടുള്ള ദേഹവുമായ കർദ്ദിനാൾ ഗസ്പ്പാറി തിരുമനസ്സുകൊണ്ടും പ്രത്യേക കാറുകളിൽ ഇവിടെ വന്നു ചേൎന്നു. അപ്പോഴേക്കും അടിസ്ഥാനത്തിനുള്ള മാർബിൾകല്ലു എൻജിനീയറന്മാർ അലങ്കരിച്ചു് ഒരു മേശപ്പുറത്തു സ്ഥാപിച്ചു. 4-നു

15 മിനിട്ടുള്ളപ്പോൾ പ. പിതാവി
ന്റെ പ്രൈവററ് സെക്രട്ടറി മുതലായ
വർ പ്രത്യേക കാറുകളിൽ വന്നിറങ്ങി.
കൃത്യം 4 മണിക്കു മൂന്നു മോട്ടോർ കാറു
കൾ ഗ്രോട്ടോയിലേക്ക് ഓടിച്ചു വരുന്ന
തു കാണാറായി. തൽക്ഷണം പട്ടാളക്കാ
ർ അണിനിരന്നു. മുമ്പിൽവന്ന മോട്ടോ
ർ കാറിൽനിന്നു പ. പിതാവിന്റെ
അംഗരക്ഷകന്മാരായ പ്രഭുക്കൾ പുറത്തി
റങ്ങി. അവരിൽ ഒരാൾ അതിനു പിമ്പേ
വന്ന മനോഹരമായ മോട്ടോർ കാറി
ന്റെ വാതൽ തുറന്നു മുട്ടുകുത്തി. ഉടനെ
പ. പിതാവ് പതിനൊന്നാം പീയൂ
സ് മാർപ്പാപ്പാ വെള്ളപ്പട്ടു ളോവയും പ്ര
വനാഹാരവും ധരിച്ച് പുറത്തേക്കിറങ്ങി.
മൂന്നാമത്തെ കാറിൽ നിന്നു ചില മോ
ൺസിഞ്ഞോറന്മാരും മററും ഇറങ്ങി മാ
ർപ്പാപ്പായെ അകമ്പടി സേവിച്ചു. കർദ്ദി
നാളന്മാർ മുതലായവരെ തിരുവാഴി മു
ത്തിച്ച് പുഞ്ചിരിയോടുകൂടി തിരുമേ



24 കൊല്ലംമുമ്പ് പ്രൊപ്പഗാന്തകോളിജൽ വച്ചെടുത്ത ഒരു പടം.

(മുന്നണിയിൽ) കുഞ്ചാളശ്ശേരിൽ ബ. തോമ്മാച്ചൻ, പഴേപറമ്പിൽ മാർ ലൂയീസുമെത്രാനച്ചൻ, വെറി. റവ. ഫാദർ അലക്സാണ്ടർ, സി. ഡി. (പിന്നണിയിൽ) കളപ്പുരയ്ക്കൽ ബ. അന്ത്രയോസച്ചനും, കൊച്ചീക്കുന്നേൽ ബ. മത്തായിഅച്ചനും, പ്രൊപ്പഗാന്തകോളേജിൽ അന്നു പഠിച്ചിരുന്ന രണ്ടു കേരളീയസുറിയാനിവിദ്യാൎത്ഥികളും,

നി ഗ്രോട്ടോയിലുള്ള അമലോത്ഭവമാ
താവിന്റെ പ്രതിമയുടെ മുമ്പിൽ മുട്ടുകു
ത്തി അഞ്ചു വിനാഴിക പ്രാൎത്ഥിച്ചശേ
ഷം കൎമ്മത്തിനുള്ള തിരുവസ്ത്രങ്ങളണി
ഞ്ഞു അടിസ്ഥാനക്കല്ലു മുറപ്രകാരം വെ
ഞ്ചെരിക്കുകയും പാർലമെന്റിൽ അണ്ടു
മാസം തീയതികളും പുതിയ കെട്ടിട
ത്തിനായി കല്ലു വെഞ്ചെരിച്ച വിവര
വും കുറിച്ചിരുന്നതിൽ ഒപ്പുവച്ച് അ
കല്ലിനുള്ളിൽ വയ്ക്കുകയും ചെയ്തു.

അതിനുശേഷം എല്ലാവരും കൂടി
ഒരു പ്രദക്ഷിണമായി വത്തിക്കാനുദ്യാന
ത്തിൽ വി. കൊച്ചുത്രേസ്യായുടെ നാമ
ത്തിൽ ഈയിടെ സ്ഥാപിച്ചിട്ടുള്ള ക
പ്പേളയിലേക്കു തിരിച്ചു. കപ്പേളയിൽ
"ഞാൻ എന്റെ മാതാവായ പള്ളിയെ

സ്നേഹിക്കുന്നു" എന്നുള്ള വാചകം മുദ്രിതമായിരിക്കുന്ന ചെറുപുഷ്പത്തിന്റെ പ്രതിമയുടെ മുമ്പാകെ പ. പിതാവ് മുട്ടുകുത്തി പുതിയ കോളേജിന്റെ രക്ഷാധികാരം സ്വീകരിക്കുന്നതിനു ആ വിശുദ്ധയോട് അപേക്ഷിച്ചുകഴിഞ്ഞ പ്രോഃഴക്കം, ആശീർവ്വദിക്കപ്പെട്ട അടിസ്ഥാനക്കല്ല് എൻജിനീയറന്മാർ അവിടെകൊണ്ടുവന്നു. "എല്ലാം അനുഗ്രഹിച്ചുകഴിഞ്ഞു, നിങ്ങൾക്കു കേമമായ കോളേജാണ് ഉണ്ടാകാൻ പോകുന്നതു്" എന്നും മറ്റും അരുളിച്ചെയ്തുകൊണ്ട് എല്ലാവരെയും തിരുവാഴ്ത്തുകയും, അനുഗ്രഹിക്കയും ചെയ്തതിനു ശേഷം, പരിശുദ്ധ പിതാവു കാറിൽ കയറി അരമനയിലേക്കു മടങ്ങുകയും ചെയ്തു.

ഉടനെതന്നെ ആശീർവ്വദിക്കപ്പെട്ട മാർബിൾക്കല്ലു ജാനിക്കുളത്തേക്കുകൊണ്ടുപോയി. അവിടെ വിശേഷമായി അലങ്കരിച്ചിരുന്ന പന്തലിൽവച്ചു ആറുമണിക്കു മാർപ്പാപ്പായുടെ സ്റ്റേറ്റ് സെക്രട്ടറി ഉൾപ്പെടെ എട്ടുകർദ്ദിനാളന്മാരുടേയും മറ്റനേകം മെത്രാന്മാർ മോൺസിഞ്ഞോറന്മാർ ആദിയായവരുടേയും സാന്നിദ്ധ്യത്തിൽ കർദ്ദിനാൾ വാൻറോസ്സ് തിരുമനസ്സുകൊണ്ടു കോളേജ് വിദ്യാർത്ഥികളുടെ സഹകരണത്തോടുകൂടി, 18 മീറ്റർ താഴ്ചയുള്ള കുഴിയിലേക്കു പ്രസ്തുത കല്ലിടുകയും മൂന്നു രാജാക്കളുടെ നാമത്തിൽ കോളേജ് കപ്പേളക്കുള്ള സ്ഥലം ആശീർവ്വദിക്കുകയുമാണുണ്ടായതു്. ഒടുവിൽ കാപ്പിറ്റൽക്കാരസമയത്തു കർദ്ദി. വാൻറോസം തിരുമനസ്സുകൊണ്ടു ഒരു പ്രസംഗം ചെയ്യുകയും കർദ്ദി. ഗാസ്പാറി തിരുമനസ്സുകൊണ്ടു അതിനു മറുപടി പറകയും ചെയ്തു. അടിസ്ഥാനക്കല്ലിനകത്തു പ. പിതാവിന്റെ മുദ്രാലിഖിതത്തിനു പുറമെ സന്നിഹിതരായിരുന്ന കർദ്ദിനാളന്മാരൊപ്പുവച്ച ഒരു ലിഖിതവും അനേകം മെഡലുകളും സംഗ്രഹിച്ചിട്ടുണ്ട്.

# വി. അന്നാഅമ്മ.

നമ്മുടെ അമ്മ പ. ക. മറിയത്തിന്റെ മാതാവാണല്ലോ വി. അന്നാമ്മ. പുണ്യവതിയുടെ ജനനവും മരണവും ചൊവ്വാഴ്ച ദിവസം നടന്നു എന്ന് ഒരു പാരമ്പര്യമുണ്ട്. 1912 ഓഗസ്റ്റ് 12-ാംനു- പ്രസിദ്ധപ്പെടുത്തിയ ഒരു തിരുവെഴുത്തിൽ, ഭാഗ്യസ്മരണാർഹനായ 10-ാം പീയൂസ് മാർപ്പാപ്പാ ചൊവ്വാഴ്ച ദിവസത്തിനു ഒരു പ്രത്യേകത കല്പിച്ചുകൊണ്ട് ആ ദിവസം വിശ്വാസികളെല്ലാവരും വി. അന്നാമ്മയുടെ സ്തുതിക്കായി സൽപ്രവൃത്തികൾ ചെയ്തു കാഴ്ചവയ്ക്കണമെന്ന് ഉപദേശിക്കുന്നു. ജൂലായി 26-ാംനു- ആഘോഷിക്കുന്ന വി. അന്നായുടെ തിരുനാളിനു മുമ്പുള്ള ഒമ്പതു ചൊവ്വാഴ്ച ഭക്തി ഇപ്പോൾ പലടത്തും വ്യാപിച്ചിരിക്കയാണ്. ഈ ഒമ്പതു ചൊവ്വാഴ്ചയും ഭക്തിപൂർവ്വം കുമ്പസാരിച്ചു കുർബ്ബാന കൈക്കൊള്ളുന്നതു എല്ലാവരും അഭ്യസിച്ചാൽ ഏറ്റവും നന്നായിരിക്കും. ഒമ്പതു ചൊവ്വാഴ്ച ഭക്തി അഭ്യസിക്കുവാൻ സാധിക്കാത്തവർ ജൂലായി 26-ാംനു-ക്കു മുമ്പുള്ള ഒമ്പതു ദിവസങ്ങളെങ്കിലും പ്രത്യേകവിധമായി വി. അന്നാമ്മയുടെ സ്തുതിക്കായി പ്രതിഷ്ഠിച്ച് ആ വിശുദ്ധയുടെ തിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടുവാൻ ശ്രമിക്കുന്നതു പ്രയോജനകരമായിരിക്കുന്നതാണ്.

# ഈശോസഭയുടെ സ്ഥാപകൻ.

(റവ. ജോൺ കിഴക്കേത്തയ്യിൽ എസ്.ജെ.)

ഈമാസത്തിന്റെ അവസാന ദിനം ഒരു യോദ്ധാവും, പുണ്യവാനും, സഭക്കും സമുദായത്തിനും പലപ്രകാരത്തിൽ ഉപകാരം ചെയ്തുവരുന്ന ഒരു സഭയുടെ സ്ഥാപകനുമായ ഇഗ്നേഷിയസ് ലൊയോളാ പുണ്യവാന്റെ തിരുനാൾ കത്തോലിക്കാലോകം കൊണ്ടാടുന്നതിനാൽ ഈ തരുണത്തിൽ അദ്ദേഹത്തെക്കുറിച്ചും അദ്ദേഹം സ്ഥാപിച്ച ആ സഭയെപ്പററിയും അല്പം പ്രസ്താവിക്കുന്നതു യുക്തമെന്നു കരുതുന്നു.

1491-ാം വർഷം സ്പെയിൻ രാജ്യത്തിൽ ലൊയോളാ എന്ന മന്ദിരത്തിൽ ധനികന്മാരായ മാതാപിതാക്കന്മാരുടെ എട്ടാമത്തെ സന്താനമായി നമ്മുടെ കഥാനായകൻ ജാതനായി. ബാല്യത്തിൽതന്നെ ഇദ്ദേഹം കളികളിൽ വിരുതനാ എന്നാൽ അതുപോലെതന്നെ പഠനങ്ങളിൽ സമർത്ഥനം ഇവയ്ക്കെല്ലാം ഉപരിയായി ബാലന്മാരുടെ ചില്ലറ കലഹങ്ങളിൽ മുമ്പനുമായിരുന്നു. ഇഗ്നേഷിയസ് തന്റെ 29-ാമത്തെ വയസ്സിൽ ചാറൽസു അഞ്ചാമന്റെ കീഴിൽ പമ്പലൂനായിൽവച്ച് ഫ്രഞ്ചു സൈന്യത്തോടു പൊരുതിക്കൊണ്ടിരിക്കെ അവിചാരിതമായ ഒരു വെടിയുണ്ടയാൽ കഠിനമായ പരുക്കേററു തന്റെ കാലുകളിൽ ഒന്നൊടിഞ്ഞും, മററതു അധികമായി മാംസം പൊളിഞ്ഞും രക്തം ധാരാളമായി ചൊരിഞ്ഞും ശരീരമാസകലം കട്ടനിണം അണിഞ്ഞും മോഹാലസ്യപ്പെട്ടു രണാങ്കണത്തിൽ നിലംപതിച്ചു. എന്നാൽ ശത്രുക്കൾ ഇദ്ദേഹത്തിന്റെ ധീരതയും യുദ്ധനിപുണതയും വേണ്ടുംവണ്ണം മനസ്സിലാക്കി ബഹുമാനപുരസ്സരം ഇദ്ദേഹത്തെ പോർക്കളത്തിൽനിന്നും ഭടന്മാരാൽ വഹിക്കപ്പെട്ട് അടുത്തുള്ള ഒരു കൂടാരത്തിലേക്കു കൊണ്ടുപോയി. അവിടെ അസഹനീയമായ സങ്കടങ്ങൾ സഹിച്ചു മരണാസന്നനായപ്പോൾ വി. പത്രോസ്ശ്ലീഹാ അദ്ദേഹത്തിന്നു കാണപ്പെട്ട് അത്ഭുതകരമാംവണ്ണം രോഗശമനം വരുത്തി. ഇതേസ്ഥലത്തുവച്ചത്രെ ദൈവമാതാവു തന്റെ തിരുകുമാരനോടുകൂടി ഈ പോർവീരന് പ്രത്യക്ഷമായി ശുദ്ധത എന്ന മഹാദാനം ഇദ്ദേഹത്തിനു പ്രദാനംചെയ്തതും.

കാലാന്തരത്തിൽ സുവിശേഷം, പുണ്യവാന്മാരുടെ ജീവചരിത്രം മുതലായവ വായിച്ചതിന്റെ ഫലമായി, ലൌകികാഡംബരങ്ങളിലുള്ള ആശ തന്നിൽ നിശ്ശേഷം നിർജ്ജീവമായി ജീവിതകാലം മുഴുവനും ഈശോക്കും അങ്ങേ തിരുസഭക്കുംവേണ്ടി ബലികഴിക്കുവാനുള്ള ആശയാൽ തന്റെ ഹൃദയം ജ്വലിച്ചുതുടങ്ങി.

രോഗശമനം പൂർത്തിയാകുന്നതിനുമുമ്പുതന്നെ ഇഗ്നേഷിയസ് തന്റെ പൂർവ്വജീവിതം നവീകരിക്കുന്നതിനും, ഒരു നൂതനജീവിതം ആരംഭിക്കുന്നതിനും മോൺസെറാറ് എന്ന സ്ഥലത്തെ ദേവാലയം ലാക്കാക്കി യാത്രചെയ്തു. അവിടെ തന്റെ വാൾ മാതാവിന്റെ രൂപത്തിൻമുമ്പാകെ കാഴ്ചവെച്ചു, രാത്രിമുഴുവൻ പ്രാർത്ഥനയിൽ കഴിച്ചതിന്റെശേഷം, അടുത്തുള്ള മൻറേസ്സാ എന്ന ഗുഹയിൽ പോയി ഒരു വർഷത്തോളം തപോവ്രതങ്ങളിൽ ജീവിതം നയിച്ചു. ഈ സ്ഥലത്തുവച്ചത്രെ ഇന്നു ആദ്ധ്യാത്മികലോകത്തിൽ കീർത്തിപ്പെട്ടിരിക്കുന്ന ജ്ഞാനാഭ്യാസങ്ങൾ റൂഹാദക്കുദശായുടെ പ്രേരണയാലും, കന്യാസ്ത്രീമാതാവിന്റെ പ്രത്യേകസഹായത്താലും ഇഗ്നേഷിയസ് രചിച്ചതു. ഇതേ സന്ദർഭത്തിൽ തന്നെ ഒരു പ്രത്യേകാനുഗ്രഹത്താൽ ഈശോസഭ സ്ഥാപിക്കണമെന്നുള്ള ഒരു ദൈവികതോന്നിപ്പു തന്നിൽ ഉളവായി.

ഒരു വർഷത്തെ ഗുഹാവാസവസാനത്തോടുകൂടി ഇഗ്നേഷിയസ് പലസ്തീനാ രാജ്യം സന്ദർശിച്ചശേഷം, വൈദികാന്തസ്സിൽ പ്രവേശിക്കുവാനുള്ള ആഗ്രഹത്താൽ, അൽകാലാ, സലമാൻകാ,

പാരീസ് ഈ സ്ഥലങ്ങളിലെ, ഉന്നത സര്‍വ്വകലാശാലകളില്‍ പഠനം തുടരുവാന്‍ അഭയം പ്രാപിച്ചു. ഈ ജീവിതഘട്ടത്തിലാണ് തന്റെ ആദ്യസഹോദരങ്ങളും, ഈശോസഭയുടെ പ്രഥമ പുത്രന്മാരുമായ ആറു കലാശാലാ ബിരുദധാരികളെ തനിക്കു സ്നേഹിതന്മാരായി ലഭിച്ചതു്. ഈ വിദ്വല്‍ശിരോമണികളോടു, തുര്‍ക്കികളെ മാനസാന്തരപ്പെടുത്തുന്നതിനു ഒരു സഭ സ്ഥാപിക്കുവാന്‍ താന്‍ ആഗ്രഹിക്കുന്നുവെന്നും, അതില്‍ അവര്‍ ചേരണമെന്നും അപേക്ഷിച്ചു. ഈ അപേക്ഷയനുസരിച്ച് ഏഴുപേരും ഒന്നിച്ചുചേര്‍ന്ന് 1534 ആഗസ്റ്റ് മാസം 15-ാംനു- മോണ്‍മാര്‍ട്ട് എന്ന ദേവാലയത്തില്‍ പരിശുദ്ധ ദൈവമാതാവിന്റെ പീഠത്തിന്‍ മുമ്പാകെ ഈ സംഘത്തിന്റെ ഒരംഗമായ പത്രോസ് ഫേബര്‍ ദിവ്യപൂജ അര്‍പ്പിക്കുകയില്‍, ദാരിദ്ര്യം, കന്യാവ്രതം, കീഴ്‌വഴക്കം എന്ന വ്രതങ്ങളാല്‍ തങ്ങളെ ദൈവത്തിനു കയ്യാളിച്ചു. ഈ ദിവസമാകുന്നു ഈശോസഭയുടെ ശിലാസ്ഥാപനദിവസമായി ആഘോഷിക്കപ്പെടുന്നതു്. ഈ ഏഴുപേരില്‍, അതെ, ഈശോസഭയുടെ ആദ്യസന്താനങ്ങളില്‍ ഒരാള്‍ ഇന്‍ഡ്യയുടെ രണ്ടാമത്തെ അപ്പസ്തോലനായ വി. ശവരിയാര്‍ ആയിരുന്നുവെന്നുള്ളതും പ്രസ്താവിച്ചുകൊള്ളട്ടെ. മോണ്‍മാര്‍ട്ടിലെ പറഞ്ഞൊപ്പു കഴിഞ്ഞു ഒരു വര്‍ഷം തികയുന്നതിനു മുമ്പുതന്നെ ഈ നവീന സംഘത്തിന്റെ സകല അംഗങ്ങളും വൈദികാന്തസ്സിലേക്കു ഉയര്‍ത്തപ്പെട്ടു. ദിവ്യപൂജാര്‍പ്പണം മംഗളമായി കൊണ്ടാടിയ ശേഷം ഇഗ്നേഷ്യസും സഹചരന്മാരും ജെറുസലേമിലേക്കു പുറപ്പെടുവാനുള്ള ഉദ്ദേശത്തോടുകൂടി വെനീസില്‍ എത്തി കപ്പല്‍ പ്രതീക്ഷിച്ചു കുറെനാള്‍ താമസിച്ചുവെങ്കിലും തങ്ങളുടെ ആഗ്രഹം സഫലീകൃതമായില്ല. ഉദ്ദേശ്യം ഫലപ്രദമാകയില്ലെന്നു കണ്ടപ്പോള്‍ അവര്‍ റോമാപുരിയിലേക്കു പുറപ്പെട്ടു മാര്‍പ്പാപ്പാ തിരുമനസ്സിലെ സന്നിധിയില്‍ തങ്ങളെ തന്നെ സമര്‍പ്പിച്ച്, അങ്ങേ തിരുമനസ്സനുസരിച്ചു എന്തും പ്രവര്‍ത്തിക്കുവാന്‍ തങ്ങള്‍ സന്നദ്ധരായിരിക്കുന്നുവെന്നു തിരുമനസ്സുണര്‍ത്തിച്ചു. ഭാഗ്യസ്മരണാര്‍ഹനായ പൗലോസ് മൂന്നാമന്‍ ഇവരുടെ ഇംഗിതങ്ങള്‍ വേണ്ടംവിധം മനസ്സിലാക്കി പ്രേഷകവൃത്തിക്കായി ഇവരെ നിയമിച്ചതിനാല്‍ ഇഗ്നേഷ്യസ് ജ്ഞാനാഭ്യാസങ്ങള്‍ ജനങ്ങളോടു പ്രസംഗിക്കുന്നതിലും ശേഷമുള്ളവര്‍ ദൈവശാസ്ത്രം തത്വശാസ്ത്രം മുതലായവ പഠിപ്പിക്കുന്നതിലും തങ്ങളുടെ ആദ്യവര്‍ഷങ്ങള്‍ ചിലവഴിച്ചു. ഇക്കാലത്തു പലരുടെയും സംശയങ്ങള്‍ക്കു പാത്രമായ ഈ നവീനസംഘം നാനാതരസങ്കടങ്ങള്‍ക്കും വശംവദമായെന്നുള്ളതു പ്രത്യേകിച്ചു പറയേണ്ടതുണ്ട്.

ഈ വിധം വര്‍ഷങ്ങള്‍ നാലഞ്ചു കഴിഞ്ഞു. 1539 സെപ്തംബര്‍ മൂന്നാം തീയതി അനേകരുടെ ആലോചനാഫലമായി ഈശോസഭയുടെ ഒരു നടപടിനിയമം തയ്യാറാക്കി വന്ദ്യപാദനായ പൗലോസ് മൂന്നാമന്റെ പാദാരവിന്ദങ്ങളില്‍ ഇഗ്നേഷ്യസും മററംഗങ്ങളും സമര്‍പ്പിച്ചു. ഈ നടപടി പുസ്തകം ആ വന്ദ്യ തിരുമേനി വീക്ഷിച്ച ക്ഷണത്തില്‍ "ദൈവാംഗുലി ഇതില്‍ പ്രത്യക്ഷമാകുന്നു" എന്നരുളിച്ചെയ്തു എന്നന്നേക്കും സ്മരണീയമത്രെ. എങ്കിലും അപൂര്‍വ്വം ചില കര്‍ദ്ദിനാളന്മാരുടെ വിസമ്മതഫലമായി ഈ ശിശുസഭയെയും അതിന്റെ നടപടികളേയും വന്ദ്യപിതാവു ആശീര്‍വ്വദിച്ചനുഗ്രഹിക്കുന്നതിനു 1540 സെപ്തംബര്‍ ഏഴാം തീയതിവരെ താമസിക്കേണ്ടിവന്നു.

ഭാഗ്യസ്മരണാര്‍ഹനായ പൗലോസ് മൂന്നാമന്‍ 'Regimini militanti Ecclesiae' എന്നാരംഭിക്കുന്ന തിരുവെഴുത്തുമൂലം ഈശോസഭയെ ആശീര്‍വ്വദിച്ചനുഗ്രഹിച്ച്, അംഗീകരിച്ചതോടുകൂടി ഏവരുടേയും ഐകകണ്ഠ്യേനയുള്ള സമ്മതപ്രകാരം വി. ഇഗ്നേഷ്യസ് ഈശോസഭയുടെ ഒന്നാമത്തെ ജനറാളായി തിരഞ്ഞെടുക്കപ്പെട്ടു. ഇദ്ദേഹം ഈ ശിശുസംഘത്തെ 16 വര്‍ഷത്തോളം യോഗ്യമാംവണ്ണം ഭരി-

ച്ചതിന്റെ ശേഷം 1546-ൽ ഭാഗ്യമരണം പ്രാപിച്ചു.

ഈ തരുണത്തിൽ ഈശോസഭയുടെ ഉദ്ദേശ്യത്തെക്കുറിച്ചും, അതിന്റെ ചില നിയമങ്ങളെക്കുറിച്ചും, ഇന്നു ലോകത്തിനു ഈ സഭ ചെയ്തുവരുന്ന സഹായങ്ങളെക്കുറിച്ചും, സ്വല്പമായി പ്രസ്താവിക്കുന്നതു് ഉചിതമായിരിക്കുമല്ലോ. ഇതിന്റെ പ്രഥമോദ്ദേശ്യം സഭാംഗങ്ങളുടേയും, മററു സഹോദരങ്ങളുടെയും ആത്മരക്ഷയ്ക്കും പുണ്യപൂർണ്ണതയ്ക്കും വേല ചെയ്യുക എന്നതത്രെ.

ഈ സഭയുടെ അംഗങ്ങൾ എവരും ദാരിദ്ര്യം, കന്യാവ്രതം, കീഴ്വഴക്കം എന്നത്രിവിധ വാഗ്ദത്തങ്ങളാൽ ദൈവശുശ്രൂഷയിൽ തങ്ങളെത്തന്നെ ബന്ധിക്കുന്നു. എന്നാൽ ഈ പറഞ്ഞൊപ്പു സാധാരണ പറഞ്ഞൊപ്പെന്നും, ആഡംബരപൂർവ്വകമായ പറഞ്ഞൊപ്പെന്നും രണ്ടു തരമുണ്ടു്. ആഡംബരത്തോടുകൂടിയ പറഞ്ഞൊപ്പു ചെയ്യുന്ന വൈദികന്മാർ ശുദ്ധ മാർപ്പാപ്പായ്ക്കു പ്രത്യേക കീഴ്വഴക്കം എന്നൊരു നാലാമതു പറഞ്ഞൊപ്പുകൂടി ചെയ്യുന്നു. ഇതിനാൽ അവർ മാർപ്പാപ്പാ തിരുമേനിയുടെ തിരുമനസ്സനുസരിച്ചു്, ഏതു സ്ഥലത്തും, ഏതു സമയത്തും, ഒഴിവുകഴിവുകൾ കൂടാതെയും, വേണമെന്നിരുന്നാൽ യാത്രച്ചിലവിനുപോലും പണമില്ലാതെയും, പോകുവാൻ നിർബന്ധിതരായിരിക്കുന്നു. ഈ സഭയുടെ ജനറൽ ആയുഷ്ക്കാലപര്യന്തം തന്റെ ജോലി നിർവ്വഹിക്കുന്നു. സന്യാസമഠങ്ങളുടേയും, പ്രേഷക സംഘങ്ങളുടേയും മററും മേലധികാരികളെ നിയമിക്കേണ്ടതു് ഇദ്ദേഹത്തിന്റെ ചുമതലയത്രെ.

ഇന്നു ഈശോസഭാംഗങ്ങൾ ലോകത്തിന്റെ നാനാഭാഗങ്ങളിലും പരന്നു, വിദ്യാഭ്യാസപ്രവർത്തനംമൂലവും പ്രേഷകവൃത്തി വഴിയും, മററനേകപ്രകാരത്തിലും, സഭയ്ക്കും സമുദായത്തിനും ധാരാളം ഉപകാരങ്ങൾ ചെയ്തുവരുന്നുണ്ടു്. ഇതിന്റെ അംഗങ്ങൾ 1927—ലെ കണക്കുപ്രകാരം 20112—വരെ ആയിരിക്കുന്നു. ഇന്നു ഈ സഭയ്ക്കു, ഏഷ്യാ, യൂറോപ്പ്, ആഫ്റിക്കാ, അമെരിക്കാ, ഓഷ്യാനിയാ എന്നീ എല്ലാ ഭൂഖണ്ഡങ്ങളിലും, പ്രേഷകസംഘങ്ങളും, ദേവാലയങ്ങളും, സെമ്മിനാരികളും, വിദ്യാലയങ്ങളും, കൈത്തൊഴിൽ ശാലകളും മററനേക സ്ഥാപനങ്ങളും ഉണ്ടെന്നുള്ളതു്. വാസ്തവമത്രെ. നമ്മുടെ മാതൃഭൂമിയായ ഇൻഡ്യയിൽ തന്നെ, കൽക്കത്താ ബോംബെ, മദ്രാസ്, തൃശ്ശിനാപ്പള്ളി, ബാംഗളൂർ എന്നീ പട്ടണങ്ങളിൽ ഈശോസഭക്കാരാൽ ചെയ്യപ്പെടുന്നവ എന്താണെന്നു നമുക്കു കാണാവുന്നതാണ്. ഇൻഡ്യയിൽ തന്നെ 800-ൽപരം ഈശോസഭാംഗങ്ങൾ ഇൻഡ്യയുടെ മക്കൾക്കായി വേലചെയ്യുന്നുണ്ടു്.

# മെക്സിക്കോയിലെ അനുകൂലഭാവം.

(എൽ. സി. ഐസക്ക് ബി. എ.)

മെക്സിക്കോയിലെ മതപീഡനം അവസാനിച്ചിരിക്കുന്നുവെന്നുള്ള ഒരു ന്യൂയോർക്ക് കേബിൾസന്ദേശം എവരേയും ആനന്ദചിത്തരാക്കിത്തീർത്തിട്ടുണ്ടായിരിക്കണമെന്നുള്ളതിൽ സംശയമില്ല. അതേപ്പററിയുള്ള കൂടുതൽ വിവരങ്ങൾ നമുക്കു ഇനിയും ലഭിച്ചിട്ടില്ല. പ്രസ്തുത സന്ദേശം വാസ്തവമായിരിക്കുമോ എന്നു പലർക്കും സംശയവുമില്ലാതില്ല. എന്നാൽ മെക്സിക്കോയിലെ ഈയിടെയുള്ള സ്ഥി

തിഗതികളെപ്പറ്റി ന്യൂയോക്കു പത്രമാസപ്പത്രങ്ങളിൽനിന്നു ലഭിക്കുന്ന വിവരങ്ങൾ ആ സന്തോഷവർത്തമാനം വാസ്തവമാണെന്നു വിശ്വസിപ്പാൻ വകതരുന്നുണ്ട്. അമേരിക്കൻ കത്തോലിക്കാ വർത്താവിതരണസംഘത്തിൽനിന്ന് മെക്സിക്കോയിലെ കുഴപ്പം അവസാനിപ്പിക്കുവാനുള്ള ശ്രമം നടക്കുന്നുണ്ടെന്നു ഏപ്രിൽ 25-ാംനു പ്രസ്താവിക്കുകയുണ്ടായി. കത്തോലിക്കാ ബിഷോപ്പന്മാരോടുള്ള ഒരു അഭിപ്രായപ്രകടനവും ക്ഷണിച്ചുമെന്ന മട്ടിൽ ഭരണാധികാരികൾ ചില സംഗതികൾ പ്രസ്താവിക്കയുണ്ടായെന്നും കാണുന്നു. കത്തോലിക്കർക്കു ന്യായമായ ചില ആനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിൽ കാലസ്സിനു അല്പം അനുഭാവമുണ്ടെന്നും പറയപ്പെടുന്നുണ്ട്.

മെക്സിക്കൻ വിദ്യാഭ്യാസകാര്യമന്ത്രിയായ ഡോക്ടർ പൂഗി കാസൊറാൻക മെക്സിക്കോയിലെ വിപ്ലവത്തെ പ്രശംസിച്ചുകൊണ്ടു ചെയ്ത ഒരു പ്രസംഗത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:- "സുസ്ഥാപിതമായ ഒരു ഗവർമ്മെണ്ടിന്റെ രംഗപ്രവേശനത്തിനു സഹായിച്ച ഈ പരിവർത്തനം മതവിശ്വാസങ്ങളെ ധ്വംസനം ചെയ്യുന്നതിനു ശ്രമിച്ചുവെന്നു ആരും വിചാരിക്കരുതു്. വളരെക്കാലത്തെ പഴക്കംകൊണ്ടു എല്ലാവർക്കും ഹൃദയംഗമവും പാവനവുമായിത്തീർന്നിരിക്കുന്ന ആ വിശ്വാസങ്ങളെ മെക്സിക്കോ നിവാസികളുടെ ഹൃദയങ്ങളിൽ നിന്നു ഉച്ചാടനം ചെയ്യണമെന്നു ഗവർമ്മെണ്ടുദ്ദേശിച്ചിട്ടില്ല. നമ്മുടെ പൂർവ്വികന്മാർ നമുക്കു തന്നിട്ടുള്ള മതത്തെ നിർമ്മൂലമാക്കുവാൻ നാം ആഗ്രഹിക്കുന്നതല്ല. ഗ്വാദലൂപ്പ് കന്യകയുടെ നേരെയുള്ള നമ്മുടെ പാരമ്പര്യമായ ഭക്തി ഉപേക്ഷിക്കണമെന്നു നമ്മുടെ ഗവർമ്മെണ്ടു ഒരിക്കലും ആഗ്രഹിക്കുന്നതുമല്ല."

മെക്സിക്കോ ഗവർമ്മെണ്ടിന്റെ ഈ പ്രസ്താവന അനുകൂലഭാവത്തെയാണു പ്രദ്യോതിപ്പിക്കുന്നതു്. പ്രസിഡന്റു കാലസ്സും ജനറൽ ഓബ്രഗോനും അദ്ദേഹത്തിന്റെ സമീപെ ഉണ്ടായിരുന്നു. മതവിഷയകമായ കുഴപ്പത്തെ പരിഹരിക്കുന്നതിനു കാലസ്സിനും കൂട്ടർക്കുമുള്ള സന്നദ്ധതയുടെ ലക്ഷ്യമായി ഈ പ്രസ്താവനയെ ബിഷോപ്പു പാസ്കൽ ഡയസ്സു വ്യാഖ്യാനിക്കുന്നുണ്ടു്. "നാഷ്ണൽ കാതലിക്കു വെൽഫയർ കോൺഫറൻസു ന്യൂസ് സർവീസ്" എന്ന പത്രത്തിലേക്കു അദ്ദേഹം ഇങ്ങനെ എഴുതിയിരിക്കുന്നു:-

"മെക്സിക്കോപ്രജകളുടെ മതത്തെപ്പറ്റി വിദ്യാഭ്യാസമന്ത്രി ചെയ്തിട്ടുള്ള പ്രസ്താവനകൾ ഞാൻ വളരെ തൃപ്തിയോടെ വായിച്ചു. പ്രസംഗം നടന്ന സ്ഥലവും, സന്ദർഭവും, അതിനെ ശ്രവിച്ച ആളുകളും, ഒക്കെക്കൂടെ ആലോചിക്കുമ്പോൾ വിദ്യാഭ്യാസമന്ത്രിയുടെ പ്രസ്താവനകൾ വളരെ പ്രാധാന്യത്തെ അർഹിക്കുന്നതാണ്. പ്രസിഡന്റു കാലസ്സും, ജനറൽ ഓബ്രഗോനും സന്നിഹിതരായിരിക്കയും, ഡോക്ടർ കാസൊറാൻകിന്റെ വാക്കുകളെ മിക്കവാറും പിൻതാങ്ങുകയും ചെയ്തിട്ടുണ്ട്.

"വളരെ നാൾ അവര്‍ണ്ണനീയങ്ങളായ സങ്കടങ്ങൾക്കധീനരായിരുന്ന മെക്സിക്കോയിലെ കത്തോലിക്കർ അവരുടെ മതത്തെ സംരക്ഷിക്കുന്നതിനും മെക്സിക്കോയുടെ രക്ഷകയും രാജ്ഞിയുമായ ഗ്വാഡലൂപ്പ മാതാവിന്റെ നേരെ അവർക്കുള്ള ഭക്തിസ്നേഹബഹുമാനാദികളെ നിലനിറുത്തുന്നതിനും അനുവദിക്കുവാൻ കാലസ്സു ഈയിടെ അല്പാല്പമായി കാണിക്കുന്ന അനുകൂലഭാവത്തിനു ഈ പ്രസ്താവനകൾ കൂടുതൽ തെളിവാണ്.

"ഡോക്ടർ കാസാറാൻകിന്റെ വാക്കുകൾ മെക്സിക്കോയിലെ കത്തോലിക്കർക്കു അനല്പമായ ആശ്വാസം നൽകിയിട്ടുണ്ടു്. മതത്തോടു ആശാസ്യമായ ആദരവോടുകൂടെ ഗവർമ്മെണ്ടു കത്തോലിക്കരുമായി ഒരു തീരുമാനമുണ്ടാകാൻ ശ്രമിക്കുന്നതു ഒട്ടും പ്രയാസമുള്ളതായിരിക്കയില്ല. ഇരുഭാഗക്കാർക്കും അവരവരുടെ ആദരണീയങ്ങളായ ആദർശങ്ങളെ അവഗണിക്കുന്നതിനോ, മനസ്സാക്ഷിയെ വഞ്ചിക്കുന്നതിനോ, നല്ല പേരിനെ മലിനപ്പെടുത്തുന്നതിനോ ഇടയില്ല.

'മെക്സിക്കോയിലെ കത്തോലിക്കർ സ്വരാജ്യസ്നേഹത്തിൽ മറ്റാരുത്തരെയുംകാൾ പിന്നാക്കമല്ല. രാജ്യത്തിന്റെ പൊതുശ്രേയസ്സിനായുള്ള ഏതു സംരംഭത്തിലും അവർ ഹാർദ്ദമായി സഹകരിക്കും.

"മെക്സിക്കോയിലെ ജനങ്ങൾ ശക്തിയായ മതബോധമുള്ള ഒരു കൂട്ടരാണ്. ഈ മതബോധത്തെ ആധാരമാക്കി വേണം മെക്സിക്കോയിൽ ഏതെങ്കിലും പരിഷ്കാരം ഏർപ്പെടുത്തുവാൻ. ജനങ്ങൾ പാവനമായിക്കരുതുന്ന പാരമ്പര്യത്തെയും മതബോധത്തെയും അവഗണിക്കാതെ ഗവൺമെന്റു നടപ്പിലാക്കുന്ന എല്ലാ പദ്ധതികൾക്കും ജനങ്ങളിൽ എല്ലാ വിഭാഗത്തിന്റെയും സഹകരണമുണ്ടാകാതിരിക്കയില്ല."

കത്തോലിക്കരെ ഞെരുക്കുന്നതായ പല സംഭവങ്ങളെപ്പറ്റി പല ഭാഗങ്ങളിൽ നിന്നു കേൾക്കുന്നുണ്ടെങ്കിലും രണ്ടുമൂന്നാഴ്ചയായിട്ടു മതസംബന്ധമായ കുറ്റങ്ങൾ ചുമത്തിയുള്ള അറസ്റ്റുകളും മറ്റും അധികം നടക്കുന്നില്ലെന്നു അമേരിക്കൻ പത്രങ്ങൾ പ്രസ്താവിക്കുന്നു. ക്രിസ്തുമതത്തിന്റെ ആദിമകാലങ്ങളിലുണ്ടായിട്ടുള്ള മതപീഡകളോടൊപ്പമുള്ള മെക്സിക്കോയിലെ അക്രമം പെട്ടെന്നവസാനിക്കണമെന്നുള്ള കത്തോലിക്കലോകത്തിന്റെ പ്രാർത്ഥന കേൾക്കപ്പെടാതിരിക്കയില്ല. അവരവരുടെ മനസ്സാക്ഷിയുടെ പ്രേരണയനുസരിച്ചു ദൈവത്തെ ആരാധിക്കുന്നതിനുള്ള സ്വാതന്ത്ര്യം മനുഷ്യന്റെ ജന്മസിദ്ധമായിട്ടുള്ളതാണ്. ലോകത്തിന്റെ പൊതുവെയുള്ള അഭിപ്രായത്തിനു വിരുദ്ധമായും ഒരു പ്രബലവിഭാഗത്തിന്റെ പ്രതിഷേധത്തെ അവഗണിച്ചും ഇരുപതാം നൂറ്റാണ്ടിൽ ഈ അക്രമം തുടർന്നു നടത്തുന്നതു സാധിക്കുകയില്ലെന്നു തൽഭാരവാഹികൾക്കു തോന്നിയിട്ടുമുണ്ടായിരിക്കണം.

# മി. ഡാനിയേലിന്റെ കൃത്രിമങ്ങൾ

(നസ്രാണിദീപിക.)

പാപ്പായുടെ അധിപത്യം എന്ന തലക്കെട്ടിൽ ഒരു പുസ്തകം തിരുവല്ലാക്കാരനായ മി. കെ. എൻ. ഡാനിയൽ എന്നൊരു നവീകരണ യാക്കോബായക്കാരൻ പ്രസിദ്ധപ്പെടുത്തി സാധുക്കളുടെ ഇടയിൽ പ്രസിദ്ധിയും പെരുമയും സമ്പാദിക്കുവാൻ ശ്രമിക്കുന്ന വിവരം ഇതിനിടകൊണ്ടു എല്ലാവരും അറിഞ്ഞിരിക്കുമല്ലോ. മാർപ്പാപ്പാക്കു സഭയിൽ സർവ്വാധിപത്യമില്ലെന്നത്രെ മി ഡാനിയെലിന്റെ വാദം. റോമ്മാക്കാർ ഏതാനും കള്ളറിക്കാർട്ടുകൾ നിർമ്മിച്ചു പപ്പാക്കു അധികാരം കല്പിക്കുന്നതല്ലാതെ സാക്ഷാത്തായ റിക്കാർട്ടുകളിൽ അങ്ങിനെയുള്ള ഒരധികാരം കാണുന്നില്ലെന്നു സ്ഥാപിക്കുവാൻ പല രേഖകൾ എടുത്തുകാണിച്ചുകൊണ്ട് മി. ഡാനിയൽ വഞ്ചനയും കൃത്രിമവും സത്യഗോപനവും അസത്യപ്രകടനവും ധാരാളം ചെയ്തിരിക്കുന്നു എന്നതിനെ തെളിവാക്കി റവ. ഫാദർ ജേക്കബ് നടുവത്തുശ്ശേരി അവർകൾ ഏതാനും ലേഖനങ്ങൾ സത്യദീപത്തിൽ പ്രസിദ്ധപ്പെടുത്തി. മി. ഡാനിയൽ ചെയ്ത കൃത്രിമങ്ങൾ ആർക്കും മനസ്സിലാകത്തക്കവണ്ണം വാദമുഖങ്ങളെപ്പറ്റി അത്ര തെളിവായി ഫാദർ നടുവത്തുശ്ശേരി പ്രതിപാദിച്ചിട്ടുണ്ടായിരുന്നു. പ്രത്യാഖ്യാനങ്ങൾ കണ്ടയുടനെ സാധുക്കളുടെ പക്കൽ തനിക്കു ലഭിച്ചിരിക്കുന്ന നിലക്കു ഹാനി തട്ടിയേക്കുമെന്നുള്ള അസഹ്യത ഹേതുവാലോ എന്തോ താൻ വ

ജനച്ചെയ്തിട്ടില്ലെന്നും വഞ്ചനചെയ്തു എന്നു തെളിയിച്ചാൽ വാദത്തിൽ നിന്നു പിൻമാറിക്കൊള്ളാമെന്നും മി. ഡാനിയൽ പ്രസ്താവിച്ചു. വി. പത്രോസു ശ്ലീഹന്മാരുടെ തലവനാണെന്നു വി. ജെറോം സ്പഷ്ടമായി പഠിപ്പിക്കുന്ന ഒരു ഭാഗം വിവാദവിഷയമായിത്തീൎന്നു. പത്രോസിനു പരമാധികാരമില്ലെന്നു വരുത്തുവാൻ വി. ജെറോമിന്റെ ഈ വാക്യം വാദത്തെ സംബന്ധിക്കുന്ന ഭാഗം വിട്ടുകളഞ്ഞുകൊണ്ടു് മി. ഡാനിയൽ തന്റെ പുസ്തകത്തിൽ പകൎത്തിയിരുന്നു. അതു വഞ്ചനയാണെന്നും നിന്നുപറയണമെന്നും ഫാദർ നടുവത്തുശ്ശേരി യുക്തിപൂൎവ്വം വാദിച്ചു. വിട്ടുകളഞ്ഞഭാഗം വാദത്തോടു സംബന്ധമുള്ളതല്ലെന്നു പ്രസ്താവിച്ചുകൊണ്ടു സാധുക്കളെ വഞ്ചിച്ചുകളയാമെന്നു കരുതി മി. ഡാനിയൽ കുറെ ശ്രമിക്കാതിരുന്നില്ല. എന്തിനേറെ. "പത്രോസിനു മേലധികാരമില്ലെന്നു ജെറോം പറഞ്ഞതായി ഞാൻ പ്രസ്താവിച്ചിട്ടില്ലി. ആ ചോദ്യത്തിൽ ഞാൻ പ്രവേശിച്ചിട്ടില്ല. അതുകൊണ്ടു അക്കാൎയ്യം തെളിയിക്കേണ്ട ആവശ്യം എനിക്കില്ല." എന്നു വീരവാദരീതിയിലും സാധുക്കളെ വഞ്ചിക്കത്തക്ക വിധത്തിലും എന്നാൽ തലച്ചോറുള്ളവൎക്കു കാൎയ്യം മനസ്സിലാകുമെന്നു വിചാരിക്കാതെയും പ്രതിയോഗി സമ്മതിച്ചു പറയുന്നതുവരെ ഫാദർ നടുവത്തുശ്ശേരി വാദം തുടൎന്നുകൊണ്ടുതന്നെ ഇരുന്നു. പത്രോസിന്റെ പരമാധികാരത്തെ വി. ജെറോം എതിൎക്കുന്നു എന്നുകാണിച്ചുകൊണ്ടു വാദംതുടങ്ങിയ മി. ഡാനിയൽ ഏതുസ്ഥിതിയിലായെന്നു നോക്കുക. എങ്കിലും തോറ്റമട്ടൊന്നും അദ്ദേഹത്തിന്റെ സംസാരരീതിയിൽ കാണ്മാനുമില്ല! മി. ഡാനിയലിന്റെ വാദങ്ങൾ സത്യം വെളിപ്പെടണമെന്നുള്ള ശുദ്ധ ലാക്കോടെയല്ലെന്നു ഇതിൽ നിന്നു വിശദമാകുന്നില്ലയോ?.

ഇപ്രകാരം നടന്ന വാദം ഇതാ "മി. ഡാനിയലിന്റെ കൃത്രിമങ്ങൾ— മറുപടിക്കു മറുപടി" എന്ന തലക്കെട്ടിൽ ഒരു ലഘുലേഖയായി എറണാകുളത്തുനിന്നും പുറപ്പെട്ടിരിക്കുന്നു. തോൽവയുടെ ഭാവമൊന്നും മി. ഡാനിയൽ പുറമേ കാട്ടുന്നില്ലെങ്കിലും ഈ ചെറു പുസ്തകം വായിച്ചാൽ അദ്ദേഹത്തിന്റെ ചെപ്പടിവിദ്യകളും സാധുക്കളുടെ കണ്ണിൽ മണ്ണിടുന്നതിലദ്ദേഹത്തിനുള്ള അസാമാന്യ സാമൎത്ഥ്യവും മനസ്സിലാക്കുവാൻ ധാരാളം സാധിക്കും. മി. ഡാനിയലിന്റെ കൃതികൾ അറിവില്ലാത്തപല സാധുക്കളുടെ ആത്മനാശത്തിനു കാരണമായിത്തീൎന്നേക്കാവുന്നതിനാൽ, ഒരണമാത്രം വിലയുള്ള ഈ പ്രത്യാഖ്യാനവും ഇതിനെത്തുടൎന്നു ഫാദർ നടുവത്തുശ്ശേരി പ്രസിദ്ധപ്പെടുത്തുവാനിരിക്കുന്നമറ്റു ലഘുലേഖകളും വാങ്ങി വായിക്കുന്നതു കൂടാതെ അകത്തോലിക്ക സഹോദരങ്ങളുടെ ഇടയിലും ധാരാളമായി വിതരണം ചെയ്യണമെന്നും കത്തോലിക്കരെല്ലാവരോടും ഞങ്ങൾ അപേക്ഷിച്ചുകൊള്ളുന്നു.

ഫാദർ നടുവത്തുശ്ശേരിയേപ്പോലെയുള്ള പണ്ഡിതന്മാരിൽ നിന്നു ഈ മാതിരി പ്രത്യാഖ്യാനം അൎഹിക്കത്തക്ക യോഗ്യത മി. ഡാനിയലിനോ അദ്ദേഹത്തിന്റെ കൃതിക്കോ ഇല്ലെന്നു ഞങ്ങൾ തീൎത്തുപറയുന്നു എങ്കിലും ആത്മനാശകരങ്ങളായ സാത്താനും അവന്റെ ദൂതന്മാരും രാപകൽ ചെയ്യുന്ന ശ്രമങ്ങളെ തടയുവാൻ തനിക്കുള്ള കടമ ഫാദർ നടുവത്തുശ്ശേരി സുത്യൎഹമായി നിറവേറുന്നതിൽ ഞങ്ങൾ അദ്ദേഹത്തെ ഹാൎദ്ദമായി അനുമോദിച്ചുകൊള്ളട്ടെ. അദ്ദേഹം സത്യം പറഞ്ഞു കാൎയ്യം തെളിയിക്കുവാൻ ശ്രമിക്കയിൽ വഞ്ചന പ്രയോഗങ്ങളാൽ "ഞാൻ ജയിച്ചേ, ജയിച്ചേ" എന്നു മി. ഡാനിയൽ അട്ടഹസിക്കുന്നു! മനസ്സാക്ഷിയെ പൂജിച്ചു കൊണ്ടുള്ള ഈമാതിരി പ്രവൃത്തികൾക്കുള്ള ശിക്ഷ ദൈവകോപത്തിന്റെ ഫലമായിരിക്കും. ദാനിയേൽ എന്ന പദത്തിനു "ദൈവം വിധിക്കും" എന്ന അൎത്ഥവും ഉണ്ടു്.

൧൲൱൨ കൎക്കടകമാസത്തിലെ തിരുഹൃദയസഭക്കാരുടെ

# പൊതുനിയോഗം.

## കത്തോലിക്ക സാമുദായിക ശ്രമങ്ങൾ.

കത്തോലിക്കാസഭ ഒരു പൂൎണ്ണസമുദായമാണ്. അതിനു സ്വന്തമായ ഒരു അന്ത്യവുമുള്ളതിനാൽ തദന്ത്യ പ്രാപ്തിക്കു അവശ്യം വേണ്ടതായ ഉപകരണങ്ങൾ അന്വേഷിക്കുവാനും പ്രയോഗിക്കുവാനും അതിനു പൂൎണ്ണാവകാശമുണ്ടു്. കത്തോലിക്കാ സഭയുടെ അന്ത്യം മനുഷ്യരെ രക്ഷപ്പെടുത്തുകയും അവരെ വിശുദ്ധീകരിക്കുകയുമത്രെ. ഈ അന്ത്യം ഏറ്റം പാവനവും മറ്റുസകല അന്ത്യങ്ങളെക്കാൾ ശ്രേഷ്ഠതരവുമാണെന്നു പ്രത്യേകം പറയേണ്ട ആവശ്യമില്ലല്ലൊ.

കത്തോലിക്കാസഭ ഒരു പൂൎണ്ണസമുദായമാകയാൽ വേറെപൂൎണ്ണസമുദായങ്ങൾ ഭൂമുഖത്തുണ്ടായിക്കൂടാ എന്നില്ല. പരാശ്രയമില്ലാത്ത അന്ത്യങ്ങളോടുകൂടിയ സമുദായങ്ങളെല്ലാം പൂൎണ്ണസമുദായങ്ങൾതന്നെയാണ്. അന്ത്യത്തിന്റെ സ്വഭാവത്തിൽനിന്നു് സമുദായത്തിന്റെ സ്വഭാവവും നമുക്കുമനസ്സിലാകുന്നു. അന്ത്യം ലൌകികമാണെങ്കിൽ സമുദായവും ലൌകികമായിരിക്കും. അദ്ധ്യാത്മികഅന്ത്യത്തോടുകൂടിയ ഒരു സമുദായം ലോകത്തിൽ സ്ഥിതിചെയ്താലും അതു് ലൌകികമായിരിക്കയില്ല.



കത്തോലിക്കാസഭയുടെഅന്ത്യം മനുഷ്യരക്ഷയും മനുഷ്യശുദ്ധീകരണവുമാകയാൽ അതു് അദ്ധ്യാത്മികമായ ഒരു അന്ത്യമാണെന്നുള്ളതിനു തൎക്കമില്ല. ഈ ന്യായത്താൽ കത്തോലിക്കാസഭ കേവലം ഒരു ലൌകികസ്ഥാപനമല്ല, പ്രത്യുത പരിപാവനമായ ലാക്കോടുകൂടിയ ഒരു അദ്ധ്യാത്മിക സ്ഥാപനമാണെന്നു സിദ്ധിക്കുന്നു. സഭ ലോകത്തിലാണ് സ്ഥാപിതമായിരിക്കുന്നതെങ്കിലും ലോകത്തിനു വേണ്ടിയുള്ള ഒന്നല്ല.


ഈ ലോകത്തിൽ നാം കാണുന്ന പൂൎണ്ണങ്ങളായ ഇതരസമുദായങ്ങൾ ലൌകികമായ ലാക്കോടെ സ്ഥാപിതങ്ങളാകയാൽ അവ അദ്ധ്യാത്മിക സ്ഥാപനങ്ങളല്ല. അവയുടെ അന്ത്യം തന്നിൽതന്നെ പൂൎണ്ണമാണ്. എങ്കിലും കത്തോലിക്കാസഭയുടെ അന്ത്യത്തെ അവഗണിച്ചുകൊണ്ടും അതിനു വിരോധമായും ലൌകികസമുദായങ്ങൾക്കു പ്രവൎത്തിക്കുവാൻ പാടില്ല. എന്തുകൊണ്ടെന്നാൽ ഇതരസമുദായങ്ങളുടെ അംഗങ്ങൾ കത്തോലിക്കാസഭയുടെ അംഗങ്ങളായി രക്ഷ പ്രാപിക്കേണ്ടവരും കത്തോലിക്കാ സഭയുടെ അന്ത്യപ്രകാരം സ്വാത്മനാ വൎത്തിക്കേണ്ടവരുമാകുന്നു. ഇതരസമുദായാംഗമായിരിക്കുന്ന ഒരു മനുഷ്യൻ കത്തോലിക്കാസഭയിലും അംഗമായിരിക്കുന്നു. ലൌകികങ്ങളായ അന്ത്യങ്ങൾ അദ്ധ്യാത്മികാന്ത്യത്തിനു സദാ കീഴ്പ്പെട്ടാണിരിക്കേണ്ടതു്. അദ്ധ്യാത്മികമായ അതിന്റെ അന്ത്യപ്രാപ്തിക്ക് ലൌകികമായ എന്തെങ്കിലും ആവശ്യമുണ്ടെന്നു കത്തോലിക്കാസഭ പറയുമ്പോൾ ആ ആവശ്യം സാധിച്ചുകൊടുക്കേണ്ട ഭാരം ലൌകികസമുദായങ്ങളിൽ സ്ഥിതിചെയ്യുന്നു. അദ്ധ്യാത്മികാന്ത്യപ്രാപ്തിക്ക് ഇന്നതിന്നതെല്ലാം ആവശ്യമുണ്ടെന്നു് നിൎണ്ണയിക്കേണ്ടതു് കത്തോലിക്കാസഭയല്ലാതെ മറ്റു സമുദായങ്ങളല്ല. പരിപാവനമായ ഈ അന്ത്യത്തിനല്ലാതെ മറ്റുവല്ല ഉൽകൃ

ശ്യത്തോടുകൂടി കത്തോലിക്കാസഭ ഇതര സമുദായങ്ങളിൽ നിന്നു എന്തെങ്കിലും ആവശ്യപ്പെട്ടാൽ ആ ആവശ്യം ഇതര സമുദായങ്ങൾ സാധിച്ചു കൊടുക്കേണ്ടിട്ടാവശ്യമില്ല. ഇതിലാണ് മററു സമുദായങ്ങളുടെ പൂർണ്ണത അടങ്ങിയിരിക്കുന്നതു്. ഇതരസമുദായത്തിൽ നിന്നു് എന്തെങ്കിലും ന്യായപൂർവ്വം ആവശ്യപ്പെട്ടപ്പോൾ സഭ അവയെ ആശ്രയിച്ചിരിക്കുകയല്ല. പ്രത്യുത അവരോടു കല്പിക്കുകയത്രെ ചെയ്യുന്നതു്.

വിശ്വാസത്തെയും സന്മാർഗ്ഗനടപടിയെയും ബന്ധിക്കുന്ന വിഷയങ്ങളിലുള്ള അപ്രമാദിത്വം തന്നെ ഏതാദൃശവിഷയങ്ങളോടു നന്നാ അടുത്ത വിഷയങ്ങളിലും കത്തോലിക്കാസഭയ്ക്കുണ്ടു്. സാമുദായികശ്രമങ്ങളിൽ പലതും ഈ ഗണത്തിൽപ്പെടുന്നു. ആകയാൽ അവസംബന്ധിച്ചുള്ള സഭയുടെ തീരുമാനങ്ങൾക്കു് ഇതരസമുദായങ്ങൾ വിധേയങ്ങളാകാതെ തരമില്ല. വിശ്വാസത്തെയോ സന്മാർഗ്ഗനടത്തയെയോ ബന്ധിക്കാത്ത വിഷയങ്ങളിലുള്ള ശ്രമങ്ങളും സഭയുടെ പരിപാവനമായ അന്ത്യപ്രാപ്തിക്കു് ഉപയുക്തങ്ങളാകയാൽ അവസംബന്ധമായ കത്തോലിക്കാസഭയുടെ ആദർശങ്ങൾ എല്ലാവരും സ്വീകരിക്കേണ്ടിയിരിക്കുന്നു. ആകയാൽ സാമുദായികശ്രമങ്ങളിൽ കത്തോലിക്കാസഭ വെളിപ്പെടുത്തുന്ന ആദർശങ്ങൾക്കു പ്രായോഗത്തിലും വിജയം സിദ്ധിക്കുവാൻ തിരുഹൃദയഭക്തന്മാർ ഈമാസത്തിൽ പ്രത്യേകവിധം പ്രാർത്ഥിക്കണം.

ആഗസ്റ്റ്—കത്തോലിക്കസ്വരാജ്യസ്നേഹം

# ക: നാഥയുടെ കുഞ്ഞുമക്കൾക്ക്.



## 1. വി. ലൂയീസ് ഗോൺസാഗാ.

പ്രിയ. കുഞ്ഞുങ്ങളെ!

നമ്മുടെ വിശുദ്ധ മദ്ധ്യസ്ഥന്റെ ദൈവസ്നേഹത്തെപ്പററി നിങ്ങൾ പലതും കേട്ടു; എന്നാൽ ദൈവസ്നേഹവും പരസ്നേഹവും പിരിയാത്ത ബന്ധുക്കളാണു. അതിനാൽ സാക്ഷാൽ ദൈവസ്നേഹമുള്ളടത്തു പരസ്നേഹമുണ്ടാകാതിരിക്കയില്ല. "നിന്റെ ദൈവമായ കർത്താവിനെ മുഴുഹൃദയത്തോടുകൂടെ സ്നേഹിക്കുക; നിന്നെപ്പോലെ നിന്റെ അയല്ക്കാരനെയും സ്നേഹിക്കുക" എന്ന രണ്ടുപ്രമാണങ്ങളിൽ സകല പ്രമാണങ്ങളും അടങ്ങിയിരിക്കുന്നുവെന്നാണല്ലോ നമ്മുടെ ദിവ്യരക്ഷകൻ പഠിപ്പിക്കുന്നതു. ആകയാൽ ദൈവസ്നേഹാഗ്നിയാൽ എരിഞ്ഞിരുന്ന പുണ്യാത്മാക്കളെല്ലാവരും പരസ്നേഹത്താലും എരിഞ്ഞിരുന്നു. ദൈവത്തെയും ദൈവത്തിന്റെ ഛായയേയും സകല മനുഷ്യരിലും അവർ കണ്ടിരുന്നു. ദൈവത്തെക്കുറിച്ചു എല്ലാവരെയും അവർ സ്നേഹിച്ചിരുന്നു. എല്ലാവരെയും ദൈവത്തിന്റെ പക്കലേക്കു ആകർഷിക്കുന്നതിനു അവർ ആഗ്രഹിക്കയും, പ്രാർത്ഥിക്കയും, ശ്രമിക്കയും ചെയ്തിരുന്നു. രോഗികൾ ദരിദ്രർ ശുദ്ധീകരാത്മാക്കൾ ആദിയായവരെ കർത്താവിന്റെ പാടുപെടുന്ന അംഗങ്ങളായിക്കരുതി അവരെ പ്രത്യേകം സ്നേഹിച്ചു സഹായിച്ചിരുന്നു, വി. ലൂയീസിന്റെ ജീവചരിത്രത്തിലും ഈ സംഗതികളെല്ലാം എവിടെയും തെളിഞ്ഞു കാണപ്പെടുന്നുണ്ടു്. ശിശുപ്രായത്തിൽ തന്നെ ദരിദ്രരുടെ നേരെയുള്ള അനുകമ്പ അത്ഭുതകരമായി പ്രദർശിപ്പിച്ചിരുന്നു. അന്യ ആളുകൾക്കു സങ്കടം വരത്തക്ക ഒരു വാക്കുപോലും പറയാതെ പ്രത്യേകം സൂക്ഷിച്ചുവന്നു, സന്യാസത്തിൽ തന്റെ സഹോദരന്മാർക്കു എത്തു ശുശ്രൂഷ ചെയ്യുന്നതിനും മുമ്പനായിരുന്നു, സ്വന്ത അനുജനായിരുന്ന റിഡോൾഫ് പ്രഭു കുടുംബസംബന്ധമായ ചില കുഴപ്പങ്ങൾ

നിമിത്തം ആത്മനാശത്തിലിരിക്കുന്നെന്നറിഞ്ഞു വി. ളൂയീസ് ശ്രേഷ്ഠന്മാരുടെ കല്പനപ്രകാരം റോമയിൽനിന്നും കസ്ലീലിയോനിലെത്തി, വളരെ ബുദ്ധിമുട്ടുകൾ സഹിച്ചു എല്ലാം സമാധാനപ്പെടുത്തി. ആസ്പത്രികളിൽ രോഗികളെ പരിചരിക്കുന്നതിനു വിശുദ്ധനുണ്ടായിരുന്ന താല്പൎയ്യം അസാധാരണമായിരുന്നു. കടശി റോമയിലെ ഒരു ഭയങ്കര വസന്തകാലത്തു രോഗശുശ്രൂഷ ചെയ്തുവരികയിൽ ആ പകർച്ചവ്യാധി തന്നെ പിടിപെട്ടു സഹോദരസ്നേഹത്തിന്റെ വേദസാക്ഷിയായിട്ടു തന്നെയാണു പുണ്യവാൻ മരണം പ്രാപിച്ചതു്. പ്രിയ കുഞ്ഞുങ്ങളെ, ഇതൊക്കെയാണു സാക്ഷാൽ പരസ്നേഹത്തിന്റെ ലക്ഷണങ്ങളെന്നു നിങ്ങൾ മനസ്സിലാക്കിയിരിക്കയെങ്കിലും ചെയ്യണം. എന്നാൽ അവസരം കിട്ടുമ്പോൾ അല്പാല്പമായിട്ടെങ്കിലും അഭ്യസിപ്പാൻ ഇടവരും, സഹോദരസ്നേഹമില്ലാതെ വന്നാൽ ദൈവസ്നേഹമുണ്ടാകയില്ലെന്നു നിങ്ങൾ മറന്നുപോകരുതു. കാണപ്പെടുന്ന തന്റെ സഹോദരനെ സ്നേഹിക്കാത്തവൻ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുന്നുവെന്നു പറഞ്ഞാൽ അവൻ കള്ളം പറയുന്നു എന്നാണു വി. യോഹന്നാൻ ശ്ലീഹാ എഴുതിയിരിക്കുന്നതു.

## II ഈ മാസത്തെ മദ്ധ്യസ്ഥ വി. എലിസബത്തു്.

(തിരുനാൾ ജൂലൈ [illegible]-ാംനു-ഞായറാഴ്ച.)

പോർട്ടുഗൽ രാജ്യത്തിലെ രാജാവായ ഡേനിസ് എന്ന ദേഹത്തിന്റെ ഭാൎയ്യയായിരുന്ന ഈ പുണ്യവതിയുടെ ഭൎത്താവു ഒരു ദുസ്സ്വഭാവിയായിരുന്നെങ്കിലും പുണ്യവതിയുടെ സൽസ്വഭാവത്താൽ അദ്ദേഹത്തെയും മനസ്സുതിരിച്ചു് കുടുംബത്തിൽ സമാധാനം പാലിച്ചുവന്നു. പ്രതിദിനം ദിവ്യപൂജ കാണുന്നതിൽ നിന്നാണു തന്റെ ബുദ്ധിമുട്ടുകളെയെല്ലാം ജയിക്കുന്നതിനുള്ള ശക്തി ലഭിച്ചിരുന്നതെന്നു പുണ്യവതി പറഞ്ഞുവന്നു. ജീവിതകാലത്തിലും മരണശേഷവും വി. എലിസബെത്തു വഴിയായി പല അത്ഭുതങ്ങൾ നടന്നിട്ടുണ്ടു്. പാപം ചെയ്യുന്നതിനേക്കാൾ മരിക്കുന്നതിനു വി. എലിസബെത്തു ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.

## III. കെ. സി. സി. എ. ഡയറി.

ഈ മാസം 16-ാംനു- തിങ്കളാഴ്ച കർമ്മലനാഥയുടെ തിരുനാളാണെന്നു കുഞ്ഞുമക്കളെല്ലാവരും അറിഞ്ഞിരിക്കുമല്ലൊ. അന്നേ, അടുത്തുവരുന്ന ഞായറാഴ്ചയോ എല്ലാ സംഘങ്ങളിലും പുതിയ തെരഞ്ഞെടുപ്പു നടത്തി വിവരം അറിയിക്കണം. തെരഞ്ഞെടുപ്പു ദിവസം എല്ലാവരും കുമ്പസാരിച്ചു കുർബാന കൈക്കൊള്ളുന്നതു കൂടാതെ യോഗ്യന്മാരായ ആളുകളെ തെരഞ്ഞെടുക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കണമെന്നും ഓർപ്പിക്കുന്നു.

* * *

ജൂൺ 10-ാംനു- ഞായറാഴ്ച ഇവിടത്തെ കുഞ്ഞുമക്കൾ മെക്സിക്കോ കാൎയ്യത്തെപ്പററി തങ്ങൾ ഇത്രനാളും പ്രാൎത്ഥിക്കുന്നെന്നും, കാൎയ്യങ്ങൾ എങ്ങിനെയിരിക്കുന്നെന്നും അക്ഷമരായി ചോദിക്കയുണ്ടായി. പീഡനം അവസാനിക്കാൻ പോകുന്ന സന്തോഷവൎത്തമാനം പിറേറ ഞായറാഴ്ച അറിയിച്ചപ്പോഴത്തെ അവരുടെ സന്തോഷം കാണേണ്ടതായിരുന്നു. ദിവസേന ഒരു നന്മനിറഞ്ഞമറിയം ചൊല്ലിയിരുന്നവർ എഴുന്നേല്ക്കാൻ പറഞ്ഞപ്പോൾ നൂറുനൂററമ്പതു കുട്ടികളിൽ അഞ്ചാറുപേരൊഴികെ എല്ലാവരും സധൈൎയ്യം എഴുന്നേററതുകണ്ടു എനിക്കും വലിയ സന്തോഷം തോന്നി. എല്ലാവൎക്കും ഓരോ സമ്മാനം കൊടുത്തയക്കയും ചെയ്തു. മെക്സിക്കോയിലെ വേദസാക്ഷികൾ കുഞ്ഞുമക്കളെയും അവരുടെ പ്രാൎത്ഥനകളെയും വിസ്മരിക്കയില്ലെന്നു നമുക്കു ധൈൎയ്യപ്പെടാം.

* * *

വായനശാല തുടങ്ങിയിട്ടുള്ളവർ, അഞ്ചൽക്കൂലിയുള്ള സ്റ്റാമ്പയച്ചുതന്നാൽ കുസുമത്തിന്റെയും ദീപികയുടെയും കുറേ

ശ്ശേ പഴയലക്കങ്ങൾ അയച്ചുതരുന്നതാണു. മറ്റു പുസ്തകങ്ങൾ അധികമില്ലാത്തിടത്തു ഇതും വളരെ ഉപകരിക്കും.

* * *

ഈമാസത്തിൽ ഹിപ്പോഴിൽനിന്നു കിട്ടിയ 7 രൂപാ ഉൾപ്പടെ പൊതുഫണ്ടിൽ ഇപ്പോൾ 65ൽ രൂപായുണ്ട്. വേദോപദേശപരീക്ഷാഫലവും സമ്മാനവും അടുത്ത മാസത്തിൽ അറിയിക്കുന്നതാണ്. മെഡൽ മുഴുവൻ തീർന്നുപോയ വിവരവും അറിയിച്ചുകൊള്ളുന്നു.

എല്ലാവർക്കും അമ്മയുടെ തിരുനാൾ മംഗളം.

എന്നു നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

# വർത്തമാനസംഗ്രഹം.

ഈശോസഭക്കാരുടെ വകയായി ജപ്പാനിൽ ആരംഭിച്ചിട്ടുള്ള കത്തോലിക്കാസർവ്വകലാശാലയ്ക്കു ഗവമ്മേണ്ടു് അംഗീകരണം സിദ്ധിച്ചിരിക്കുന്നതായി പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു ഈശോസഭാജനറാളിനെ അറിയിച്ചിരിക്കുന്നു.

മാർ തോമ്മാശ്ലീഹായുടെ നാമധേയത്തിൽ അമേരിക്കയിൽ മസാക്കസൊററ്സ് എന്ന സ്ഥലത്തു എട്ടുദിവസംകൊണ്ടു ഒരു ദേവാലയം പണികഴിച്ചിരിക്കുന്നതായിക്കാണുന്നു

കഴിഞ്ഞ മേമാസാവസാനത്തോടെ ഇററലിയിൽനിന്നു ഇത്താലിയാ എന്നൊരു വിമാനം ഉത്തരധ്രുവപ്രദേശങ്ങൾ സന്ദർശിക്കാനായി പോയിരുന്നു.

ജനറൽ നോബയിൽ എന്ന ഒരു കത്തോലിക്കനായിരുന്നു അതിന്റെ നേതാവു. റോമയിലെ ഗ്രിഗോറിയൻ കോളജിന്റെ റെക്ടരും ഒരു പ്രസിദ്ധപണ്ഡിതനുമായ ഫാദർ ജിയാൻ ഫ്രഞ്ചെസ്കി എന്ന ഈശോസഭാവൈദികനും പരിശുദ്ധ പിതാവു തിരുമനസ്സിലെ അഗ്രഹാനുസരണം ആ യാത്രയിൽ സംബന്ധിച്ചിരുന്നു.

ധ്രുവപ്രദേശം മനുഷ്യവാസമില്ലാത്തതും മുഴുവൻ മഞ്ഞുകൊണ്ടു മൂടിക്കിടക്കുന്നതുമായ സ്ഥലമാണ്. വിമാനത്തിൽനിന്നു അവിടെയ്ക്കു ഇടുന്നതിനായി പരിശുദ്ധപിതാവു ഒരു പ്രത്യേക ലിഖിതത്തോടുകൂടിയ ഒരു കുരിശു കൊടുത്തയച്ചിട്ടുണ്ടായിരുന്നു.

മേ.24-ാംനു-ഒന്നരമണിക്കു പ്രസ്തുതകുരിശു യാത്രക്കാർ ധ്രുവത്തിൽ സ്ഥാപിച്ചതായി പരിശുദ്ധ പിതാവിനു കമ്പി കൊടുക്കയും തിരുമനസ്സുകൊണ്ടു അതിനു മറുപടി സന്ദേശവും ആശീർവ്വാദവും അയയ്ക്കുകയുമുണ്ടായി.

പിറേറദിവസം മടങ്ങിപ്പോരികയിലാണു വിമാനം ഒരു മഞ്ഞുമലമേൽ തട്ടിത്തകർന്നുപോകുകയും യാത്രക്കാർ വളരെ ദൂരത്തിലുള്ള വെവ്വേറെ മൂന്നു സ്ഥലങ്ങളിലായി മഞ്ഞിന്റെ മുകളിൽ ചെന്നു വീഴുകയും ചെയ്തതു്.

കുറെ ദിവസത്തേക്കു അവരുടെ യാതൊരു വിവരവും അറിയാതെ വിവിധജാതിക്കാരുടെ വക പല വിമാനങ്ങൾ അവരെ അന്വേഷിച്ചു പുറപ്പെട്ടെങ്കിലും കമ്പിയില്ലാക്കമ്പിവഴി അവരുടെ സന്ദേശങ്ങൾ കിട്ടിയതല്ലാതെ കിടക്കുന്ന സ്ഥലം എവിടെയെന്നു കാണാൻ കഴിഞ്ഞില്ല.

തണുപ്പിന്റെ ആധിക്യത്താലും ഭക്ഷണസാധനങ്ങൾ തീർന്നുപോയതിനാലും അവർ മരിച്ചുപോകയേയുള്ളു എന്നു ഭയപ്പെട്ടിരിക്കയിൽ അന്വേഷിച്ചുചെന്ന ഒരു വിമാനത്തിൽനിന്നും അവരെ കാണുകയും ഒട്ടധികം ഭക്ഷണസാധനങ്ങൾ അവർക്കു ഇട്ടുകൊടുക്കയും ചെയ്തു.

ആർക്കും അടുത്തു ചെല്ലാൻ പാടില്ലാത്തവണ്ണം മഞ്ഞുനിറഞ്ഞ പ്രദേശത്താണു അവർ കിടക്കുന്നതു. അതിനാൽ രക്ഷിച്ചുകൊണ്ടുപോരാൻ സാധിക്കുമോ എന്നുള്ള കാര്യം ഇനിയും സംശയത്തിലിരിക്കുന്നതേയുള്ളുവെന്നു കാണുന്നു.

# മനോഗുണവിവരങ്ങൾ.

ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരുരൂപാ മുമ്പേറടച്ച് അപേക്ഷിക്കണം.

വിശുദ്ധ യൌസേപ്പപിതാവിന്റെ സഹായത്താൽ ഇക്കഴിഞ്ഞ ഇൻറർമീഡിയേററു പരീക്ഷയിൽ വിജയം നേടിയതിനു ഉപകാരസ്മരണ. കെ. വി. ജോസഫ് ചേർത്തല.

എന്റെ മകളുടെ സുഖക്കേടു പ്രത്യേക ദൈവാനുഗ്രഹത്താൽ നീങ്ങിയതിനു ഉപകാരസ്മരണ. പി. ജെ. മാന്നാനം.

അനേക നാളായി ഉണ്ടായിക്കൊണ്ടിരുന്ന നെഞ്ചുവേദനയും ശരീരക്ഷീണവും തിരുക്കുടുംബത്തിന്റെയും വിശുദ്ധ കൊച്ചുത്രേസ്യായുടെയും നേർക്കുള്ള അപേക്ഷയാൽ സുഖമായതിനു. കെ. ഫ്രാൻസീസു പുല്ലുവിള.

തിരുക്കുടുംബത്തിന്റെയും വിശുദ്ധ കൊച്ചുത്രേസ്യായുടെയും സഹായത്താൽ എന്റെ ഭർത്താവിനു ഞാൻ ആഗ്രഹിച്ചതുപോലുള്ള ജോലി കിട്ടിയതിനു ഉപകാരസ്മരണയായി 6 രൂപാ അയക്കുന്നു.

മിസ്സസു കെ. വി. ജോസഫ്.

എഫ്. എം. എസ്സ്.

കാലം ചെയ്ത കുര്യാളശ്ശേരി മാർ തോമ്മാമെത്രാനച്ചന്റെ മാദ്ധ്യസ്ഥം വഴിയായി ഒരസാധാരണകാര്യം സാധിച്ചതിനു.

സീ. റി. മങ്കൊമ്പു.

ഉണ്ണി ഈശോയുടെ അനുഗ്രഹത്താലും വിശുദ്ധ കൊച്ചുത്രേസ്യായുടെ സഹായത്താലും എന്റെ ഏക മകൻ സ്കൂൾഫൈനൽ പരീക്ഷയിൽ വിജയം പ്രാപിച്ചതിനു ഉപകാരസ്മരണ. കെ. ഷേ. വി.

കാലം ചെയ്ത കുര്യാളശ്ശേരിമെത്രാനച്ചന്റെ മദ്ധ്യസ്ഥതയാൽ എന്റെ പെങ്ങളുടെ ഒരു കഠിന വ്യാധി സുഖപ്പെട്ടതിനു.

പി. സി. ചാക്കോ. മണിമല.

വിശുദ്ധ കൊച്ചുത്രേസ്യാപുണ്യവതിയുടെ സഹായത്താൽ ഇക്കഴിഞ്ഞ സ്കൂൾഫൈനൽ പരീക്ഷയിൽ ജയിച്ചതിനു ഉപകാരസ്മരണ ചെയ്തുകൊള്ളുന്നു.

ഏ. ഒ. തോമ്മസു. ചേർത്തല.

പിറവത്തിൽ വിശുദ്ധ കൊച്ചുത്രേസ്യായുടെയും കാലംചെയ്ത കുര്യാളശ്ശേരി മാർതോമ്മാമെത്രാനച്ചന്റെയും സഹായത്താൽ ഹൈസ്കൂളിൽ പ്രവേശനം ലഭിച്ചതിന് ഉപകാരസ്മരണ. തോമ്മസു പുളിക്കയിൽ ഉഴവൂർ.

മാന്നാനത്തു മാർ യൌസേപ്പുപിതാവിന്റെയും വിശുദ്ധ കൊച്ചുത്രേസ്യായുടെയും മാദ്ധ്യസ്ഥതയാൽ സ്കൂൾഫൈനൽ പരീക്ഷ പാസ്സായതിനു പി. ഏ. സി. വെച്ചൂർ.

വ്യാകുലമാതാവിന്റെയും വിശുദ്ധ കൊച്ചുത്രേസ്യായുടെയും അരുവിത്തുറ വിശുദ്ധ ഗീവറുഗീസിന്റെയും പ്രത്യേക സഹായത്താൽ ആഗ്രഹിച്ച കാര്യം സാധിച്ചതിനു.

ഐ. തോമ്മസ് അരുവിത്തുറ.

കർമ്മലനാഥയോടും കൊച്ചുത്രേസ്യാപുണ്യവതിയോടുമുള്ള മദ്ധ്യസ്ഥപ്രാർത്ഥനയാലും മാർ അന്തോനീസു പുണ്യവാന്റെ പ്രത്യേക സഹായത്താലും എന്റെ ഭാര്യയുടെ പ്രസവം സുഖകരമായി തീർന്നതിനു ഉപകാരസ്മരണ.

എം. ജെ. ഏ കോട്ടയം.

വിശുദ്ധ യൌസേപ്പപിതാവിന്റെയും വിശുദ്ധ അന്തോനീസിന്റെയും മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

ഏ. വി. വി. സെൻറു ബർക്കുമാൻസു ഹോസ്റ്റൽ.

---

# ചരമവാർത്തകൾ

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമറാണിയുടെ വായനക്കാർ പ്രാർത്ഥിപ്പാറാകണം.

ആനക്കല്ലു് ഇടവക വാളിപ്ലാക്കൽ ബ. സ്കറിയാച്ചൻ മേടം 23—ാംതീയതി 62 വയസ്സു.

വടക്കൻ പറവൂർ ഇടവക തെക്കിനേടത്തു ജോസഫ് വക്കീൽ ഇക്കഴിഞ്ഞ ഏപ്രിൽ 27—ാം തീയതി.

മണിയംകുന്നു ഇടവക മഞ്ഞാട്ടുകുന്നേൽ ചാണ്ടി മിഥുനമാസം 5—ാം തീയതി 35 വയസ്സ്.

പൂഞ്ഞാർ ഇടവക മുത്തിത്താവളത്തിൽ ചാക്കോ മിഥുനമാസം 2—ാം തീയതി.

കാവാലം ഇടവക കെ. സി. സി. ഏ. ബാലികാസംഘാംഗം തട്ടാശ്ശേരിൽ സിസിലി 13 വയസ്സു.

# പഞ്ചാംഗം.

ഏപ്പകത്തി വവ്വ. — ഞായറാഴ്ച അക്ഷരം. ൧൭

൧൯൨൮

## ൧൯൨൮ ജൂലായ് – ൧൧൦൩ മിഥു ൧൮–ം – കർക്കടകം.

| | | | | | |
|---|---|---|---|---|---|
| 1 | 18 | ഞാ | ✠ പന്ത. ൫–ാം ഞാ. ന. കു. ആ. | .൨൨.൦.൩൮ | പ. |
| | | | ☞ അടുത്ത ചൊവ്വാ കടം. ൬–ാംനു ആദ്യവെള്ളി. | | |
| 2 | 19 | തി | ക. മറിയം ഏലീശ്വായെ സന്ദർശിച്ച ന. കു. പെ. | | വെ. |
| 3 | 20 | ചൊ | ✠ ന. പി. തോമ്മാശ്ലീ. ന കു. പെ. വ്രതദിനം. | | ചു. |
| | | | പാലാ, ചെമ്പൽ, കോക്കമംഗലം, എങ്ങണ്ടിയൂർ വി. തോമ്മാശ്ലീഹായുടെ തിരുനാൾ. | | |
| 4 | 21 | ബു | ന. പി. തോമ്മാ എം. ന കു. പെ. | | ചു. |
| 5 | 22 | വ്യാ | ന. പി. തോമ്മാ എം. ന. കു. പെ. | | ചു. |
| 6 | 23 | വെ | ന. പി. തോമ്മാ എം. ന. കു. പെ. | | ചു. |
| 7 | 24 | ശ | ന. പി. തോമ്മാ എം. ന. കു. പെ. | | ചു. |
| 8 | 25 | ഞാ | ✠ പന്ത ൬–ാം ഞാ. ന കു. ആ. | .൨൨.൧൭ | പ. |
| 9 | 26 | തി | ന. പി. മ മാർ അപ്രേം ന. കു. പെ | | ചു. |
| 10 | 27 | ചൊ | ന. പി. തോമ്മാ എട്ടാം ന. കു. പെ. | | ചു. |
| 11 | 28 | ബു | പാ. വേദ. പീയൂസ് ന. ആ. കു. പെ. | | ചു. |
| 12 | 29 | വ്യാ | വേദ. നാബോറും കൂട്ട. ന. ആ. കു. പെ. | | വെ. |
| 13 | 30 | വെ | പാ വേദ. അനെക്ലേത്തേസ് ന. ആ. കു. പെ. | | ചു. |
| 14 | 31 | ശ | അ മെ. ബോനവെന്തുര ന. ആ. കു. പെ. | | വെ. |
| 15 | 32 | ഞാ | ✠ പന്ത ൭–ാം ഞാ. ന. കു. ആ. | .൧൭.൩൮.൨.൩൮ | പ. |
| 16 | 1 | തി | ✻ കർമ്മല മാതാവ് ന. ആ. കു. പെ. | | വെ. |
| | | | കർമ്മല ആശ്രമം. ആലപ്പുഴമർസ്ലീവാപ്പള്ളി. | | |
| | | | "തോന്യസ് കോന്യസ്" പൂർണ്ണദണ്ഡവിമോചനം. | | |
| 17 | 2 | ചൊ | മെ. അലെക്സീസ് ന. ആ. കു. പെ. | | വെ. |
| 18 | 3 | ബു | വേദ. സിംപ്രോസയും ൭ മക്കളും ന. ആ. കു. പെ. | | ചു. |
| 19 | 4 | വ്യാ | ✻ മെ. വിന്സന്തിയോസ് ന. ആ. കു. പെ. | | വെ. |
| 20 | 5 | വെ | ക. വേദ. മർഗ്രീത്താ ന ആ. കു. പെ. | | ചു. |
| 21 | 6 | ശ | ക. പ്രക്സേദീസ് ന. ആ. കു. പെ. | | വെ. |
| 22 | 7 | ഞാ | ✠ പന്ത. ൮–ാം ഞാ. ന. കു. ആ. | .൧൭.൩.൩൮ | പ. |
| | | | ☞ അടുത്ത ചൊവ്വാ ഇരച്ചിവിലക്ക്. | | |
| 23 | 8 | തി | അ. വേദ. അപ്പൊളിനാരി ന. ആ. കു. പെ. | | ചു. |
| 24 | 9 | ചൊ | ശ്ലീ. യാക്കോബ് തലേ ന. ആ. കു. തലേ ഉ. വി. | | റോ. |
| 25 | 10 | ബു | (†) ശ്ലീ. യാക്കോബ് ന. കു. പെ. | | ചു. |
| 26 | 11 | വ്യാ | ഹന്നാപുമ്മാ ന. ആ. കു. പെ. | | വെ. |
| 27 | 12 | വെ | വേദ. പന്തലിയോൻ ന. ആ. കു. പെ. | | ചു. |
| 28 | 13 | ശ | വേദ. നസാരിയോസും കൂട്ട. ന. ആ. കു. പെ. | | ചു. |
| 29 | 14 | ഞാ | ✠ പന്ത. ൯–ാം ഞാ. ന. കു. ആ. | .൨൨.൧൭.൨ | പ. |
| | | | ☞ അടുത്ത ൭–ാംനു ആദ്യവെള്ളി. | | |
| 30 | 15 | തി | വേദ. അബ്ദോനും കൂട്ട. ന. ആ. കു. പെ. | | ചു. |
| 31 | 16 | ചൊ | ✻ മെ. അഗ്നാത്തീസ് ന. ആ. കു. പെ. | | വെ. |

Printel and Published for the proprietor by P. K. Joseph at the
St. Jose ph's Press, Mannanam. 1928.